# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1521/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 09/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1521/2023 തീയ്യതി: 09/11/2023

## തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദുലത ബി.പി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (PEN 455538)

ശ്രീമതി സുനിത ബാബു. ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി എസ്.ആർ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി. ജറോംദാസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അജു. എ.ഒ. | സെക്രട്ടറി | 01-04-2022 | 24-04-2023 |
| ശ്രീമതി ബിന്ദു പി.വി. | സെക്രട്ടറി | 25-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലീന | ഹെഡ്മിസ്റ്റസ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഗീത | അസി. സെക്രട്ടറി | 01-04-2022 | 18-10-2022 |
| ശ്രീ. അനിൽകുമാർ | ജൂനിയർ സൂപ്രണ്ട്/അസി. സെക്രട്ടറി അഡി. ചാർജ്ജ് | 19-10-2022 | 30-11-2022 |
| ശ്രീമതി സുനി | അസി. സെക്രട്ടറി | 01-12-2022 | 09-01-2023 |
| ശ്രീ. അനിൽകുമാർ | അസി. സെക്രട്ടറി | 10-01-2023 | 31-03-2023 |
| ശ്രീ. കാർത്തികേയൻ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീജ സി. | VEO നോർത്ത് | 01-04-2022 | 30-11-2022 |
| ശ്രീമതി മേരി ജോയിസ് | VEO നോർത്ത് | 30-11-2022 | 31-03-2023 |
| ശ്രീമതി ബിന്ദു | VEO സൗത്ത് | 01-04-2022 | 31-03-2023 |
| ശ്രീമതി ഡയാന റോസ് | കൃഷി ഓഫീസർ | 01-04-2022 | 20-02-2023 |
| ശ്രീമതി അഖില എം.യു. | കൃഷി ഓഫീസർ | 21-02-2023 | 31-03-2023 |
| ശ്രീ. അജയ് ഹാർഡിൻ | അസി. എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശ്രീമതി സുചിത്രലത | അസി. എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ശ്രീമതി കൃഷ്ണേന്ദു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശിവാംബിക | ഡയറി ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.എൽ. അയ്യങ്കൻ | വെറ്ററിനറി സർജൻ | 01-04-2022 | 25-08-2022 |
| ഡോ. ബോബിരാജൻ | വെറ്ററിനറി സർജൻ | 26-08-2022 | 31-03-2023 |
| ഡോ. ചിന്ത സുകുമാരൻ | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2022 | 10-05-2022 |
| ഡോ. ദിലീപ് ദാസ് | മെഡിക്കൽ ഓഫീസർ,അലോപ്പതി | 11-05-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. സെലീന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-05-2022 |
| ഡോ. ശ്രീദേവി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് വിവരങ്ങൾ സാംഖ്യയിൽ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല | 1-1-3 |
| 5 | സി.എഫ്,സി ഗ്രാന്റിനത്തിലെ ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു | 1-1-5 |
| 7 | തനതു വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | മറ്റ് അപാകതകൾ | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവു ചെലവു വിവരം | 1-4-1 |
| 13 | സി.എഫ്.സി ഗ്രാന്റ് ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല | 1-4-2 |
| 14 | സി.എഫ്.സി ഗ്രാന്റ് നീക്കിയിരിപ്പിൽ കുറവ് | 1-4-3 |
| 15 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് പൂർണമായും ചെലവഴിച്ചിട്ടില്ല | 1-4-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ക്ഷേമപദ്ധതികൾ | 1-6 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. | 1-6-1 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 20 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-8 |
| 21 | കരാറുകാരനിൽ നിന്നും GST ഈടാക്കേണ്ടതും സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്. | 1-8-1 |
| 22 | MNREGS മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സ്ഥാപനത്തിലെ മരാമത്ത് വിഭാഗം അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികളേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു- അപാകത പരിഹരിക്കേണ്ടതാണ്. | 1-8-2 |
| 23 | മെറ്റീരിയൽ സംഭരണം - വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ | 1-8-3 |

| | | |
|---|---|---|
| | പാലിക്കേണ്ടതാണ് | |
| 24 | സർക്കാർ നിർദേശിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതാണ് | 1-8-4 |
| 25 | എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ ഫണ്ടിനത്തിൽ ലഭ്യമായ തുകകൾ (FTO പ്രകാരം) PFMS മുഖാന്തിരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് ചെയ്തില്ല - 717756/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-8-5 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | വസ്തു നികുതി | 1-11 |
| 29 | സേവന ഉപനികുതി | 1-12 |
| 30 | വസ്തുനികുതി ഇളവുകൾ | 1-13 |
| 31 | കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തിയിട്ടില്ല | 1-14 |
| 32 | വസ്തു നികുതി, ലൈബ്രറി സെസ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-15 |
| 33 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് - വരവ് ഫയലുകൾ/രേഖകൾ പരിശോധനക്ക് ലഭ്യമായില്ല | 1-16 |
| 34 | തനതു വരവുകൾ അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കുന്നില്ല | 1-17 |
| 35 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 1-18 |
| 36 | അനധികൃത കെട്ടിടങ്ങൾ നികുതി കുടിശ്ശിക വരുത്തിയിരിക്കുന്നു | 1-19 |
| 37 | തൊഴിൽ നികുതി ഡിമാന്റ് വിവരങ്ങൾ പൂർണ്ണമല്ല | 1-20 |
| 38 | ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 39 | മാർക്കറ്റ് ലേലം ചെയ്തതിൽ 28500/- രൂപ ലഭിക്കുവാനവശേഷിക്കുന്നു. | 1-22 |
| 40 | ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ വാടകക്ക് നൽകിയതിലെ അപാകങ്ങൾ | 1-23 |
| 41 | ഇ ടെൻഡർ ഫീ തുകകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-24 |
| 42 | ശരിയായ സ്പെസിഫിക്കേൻ നൽകി പ്രവൃത്തി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് | 1-25 |
| 43 | കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയില്ല- 3762/- രൂപ അടവാക്കേണ്ടതാണ്. | 1-26 |
| 44 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം | 1-27 |
| 45 | എസ്.എസ്,കെ വിഹിതം നൽകൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല. | 1-28 |
| 46 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 1383034/-രൂപ | 1-29 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 47 | വാട്ടർ അതോരിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക ചെലവു ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. | 1-30 |
| 48 | ബാങ്ക് ബുക്കിൽ യഥാസമയം ആവശ്യമായ രേഖപ്പെടുത്തലുകൾ നൽകുന്നില്ല | 1-31 |
| 49 | തനതുഫണ്ട് തുക ചെലവഴിച്ചശേഷം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു | 1-32 |
| 50 | ബഡ്സ് സ്കൂൾ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - വ്യക്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കി | 1-33 |
| 51 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-34 |
| 52 | പാലിന് സബ്സിഡി - അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി. | 1-35 |
| 53 | ആർദ്രം പദ്ധതി - അഞ്ചിലധികം ജീവനക്കാരുടെ നിയമനം നടത്തി, 1168347/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-36 |
| 54 | റോഡ് നിർമ്മാണവുമായി ബന്ധമില്ലാത്ത പ്രവർത്തികൾക്ക് അനുയോജ്യമായ സ്പെസിഫിക്കേഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-37 |
| 55 | കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോംവർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്നു- വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-38 |
| 56 | സൈഡ് വാൾ ബെൽറ്റ് നിർമ്മാണത്തിൽ ഉയർന്ന അനുപാതം നൽകി- 2866/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-39 |
| 57 | ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല | 1-40 |
| 58 | എൽ.പി. സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - ടെണ്ടർ രേഖകൾ ലഭ്യമായില്ല | 1-41 |
| 59 | സർക്കാർ നിർദ്ദേശം ലംഘിച്ച് പ്രഭാത ഭക്ഷണം ചെലവുകൾ നടത്തിയിരിക്കുന്നു. | 1-42 |
| 60 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോട്ടുകാൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടുകാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിമാന്റ് വിവരങ്ങൾ സാംഖ്യയിൽ സമയബന്ധിതമായി ബുക്ക് ചെയ്തിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17 (3) പ്രകാരം എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റ് വിവരങ്ങൾ സാംഖ്യയിൽ ബുക്ക് ചെയ്യേണ്ടതുണ്ട്. കൂടാതെ, ഓരോ മാസവും തൻ മാസം ഡിമാന്റ് ചെയ്ത വസ്തു നികുതി വിവരങ്ങളും സാംഖ്യയിൽ ബുക്ക് ചെയ്ത് ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ബുക്ക് ചെയ്തിട്ടില്ല. സാംഖ്യ വസ്തു നികുതി ഡിമാന്റ് 31.03.2023 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ബുക്ക് ചെയ്തിട്ടുള്ളത്.

## 1-1-4 സി.എഫ്,സി ഗ്രാന്റിനത്തിലെ ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

സി.എഫ്.സി ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനത്തിൽ ലഭ്യമായ തുകയുടെ ചെലവും നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വരവും ചെലവും പ്രകാരമുള്ള നീക്കിയിരിപ്പും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ 297227/- രൂപയുടെ വ്യത്യാസമുണ്ട്. വിശദാംശം ഖണ്ഡിക 1-4-2, 1-4-3 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-5 വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു

ലൈസൻസ് ഫീ, തൊഴിൽ നികുതി വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷന്റെ പേര് | ഈടാക്കിയ ഫീസുകൾ | റസീറ്റ് നം, തീയതി | ബുക്ക് ചെയ്ത റസീറ്റ് ഹെഡ് |
|---|---|---|---|---|
| 237 | അന്നമ്മ സജീ | ലൈസൻസ് കറന്റ് -1000<br>ലൈസൻസ് അരിയർ- 2000<br>തൊഴിൽ നികുതി കറന്റ് - 2500<br>തൊഴിൽ നികുതി - 5000<br>ഫീ - 10 | 1220204651. 52/ 13.02.2023 | Application For New License - 10500<br>ഫീ & കോൺട്രിബ്യൂഷൻസ് - 10 |
| 240 | രാധാകൃഷ്ണൻ എൻ.കെ. | ലൈസൻസ് കറന്റ് -4000<br>തൊഴിൽ നികുതി കറന്റ് - 2500 | 1220204606, 08/ 07.02.2023 | License - 4000<br>റിന്വൽ ഓഫ് രജിസ്ട്രേഷൻ- 2500 |
| 241 | രാധാകൃഷ്ണൻ എൻ.കെ. | ലൈസൻസ് കറന്റ് -4000<br>ലൈസൻസ് അരിയർ- 4000<br>തൊഴിൽ നികുതി കറന്റ് - 2500<br>തൊഴിൽ നികുതി - 2500<br>ഫീ - 10 | 1220204605/ 07.02.2023 | റിന്വൽ ഓഫ് ലൈസൻസ് - 13010 |
| 242 | രാധാകൃഷ്ണൻ എൻ.കെ. | ലൈസൻസ് കറന്റ് -4000<br>ലൈസൻസ് അരിയർ- 4000<br>തൊഴിൽ നികുതി കറന്റ് - 2500<br>തൊഴിൽ നികുതി - 2500<br>ഫീ - 10 | 1220204607/ 07.02.2023 | റിന്വൽ ഓഫ് ലൈസൻസ് - 13010 |

## 1-1-6 തനതു വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും

രജിസ്റ്ററുകളും പൊരുത്തപ്പെടുന്നില്ല.

തനതു വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി ജീവനക്കാർ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 2992500 | 2939000 | 0 |
| രജിസ്റ്റർ പ്രകാരം | 2992500 | 2992500 | 0 |

തൊഴിൽ നികുതി ജീവനക്കാർ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 0 | 0 |
| രജിസ്റ്റർ പ്രകാരം | 91430 | 91430 | 0 |

തൊഴിൽ നികുതി ട്രേഡേഴ്സ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 408600 | 182100 | 0 |
| രജിസ്റ്റർ പ്രകാരം | 406500 | 406500 | 0 |

തൊഴിൽ നികുതി ട്രേഡേഴ്സ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 33700 | 0 |
| രജിസ്റ്റർ പ്രകാരം | 52100 | 52100 | 0 |

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻസ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 26250 | 249550 | 0 |
| രജിസ്റ്റർ പ്രകാരം | 26250 | 26250 | 0 |

തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻസ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 20400 | 0 |
| രജിസ്റ്റർ പ്രകാരം | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

വസ്തുനികുതി റസിഡൻഷ്യൽ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 3484992 | 2232149 | 1308052 |
| സഞ്ചയ പ്രകാരം | 3664081 | 2100289 | 1421549 |

വസ്തു നികുതി റസിഡൻഷ്യൽ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 3948322 | 1320481 | 2654314 |
| സഞ്ചയ പ്രകാരം | 4056389 | 1193030 | 2805030 |

വസ്തു നികുതി നോൺ റസിഡൻഷ്യൽ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 5653019 | 5295004 | 375916 |
| സഞ്ചയ പ്രകാരം | 5936135 | 5163776 | 460331 |

വസ്തു നികുതി നോൺ റസിഡൻഷ്യൽ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 4118844 | 2971210 | 590049 |
| സഞ്ചയ പ്രകാരം | 3711172 | 2838630 | 730908 |

കെട്ടിട വാടക അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 557525 | 355220 | 202305 |
| രജിസ്റ്റർ പ്രകാരം | 233167 | 125404 | 106499 |

മാർക്കറ്റ് വരവ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 407796 | 0 | 407796 |
| രജിസ്റ്റർ പ്രകാരം | 21600 | 0 | 21600 |

### 1-1-7 മറ്റ് അപാകതകൾ

1) തൻവർഷ വായ്പ തുക വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 13648719/- രൂപയാണ് തൻവർഷ വായ്പായിനത്തിൽ ലഭ്യമായത്. AFS-ൽ ആയത് 13814381/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് എൻട്രി നൽകിയിട്ടുള്ളത്.

3) 2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) കേരളോത്സവം പ്രോജക്ട് (നം: 231/23) പ്രകാരം 1,50,000/- രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചു. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ചെലവു തുക 100000/- (ഹെഡ്- 220800101) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വാർഷിക ധനകാര്യപത്രികയിലെ അപാകതകളുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം. 20 തീയതി: 29.09.2023 & നം.31/03.10.2023) മറുപടി ലഭ്യമാക്കിയില്ല.

### 1-2 ബജറ്റ്

ഭരണസമിതിയുടെ 30/3/22-ലെ (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച, ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6,39,74,797 |
| വരവ് | 359086200 |
| ആകെ | 42,30,60,997 |
| ചെലവ് | 36,88,17,550 |
| നീക്കിയിരിപ്പ് | 5,42,43,447 |

വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 9-3-23-ലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,84,20,060 |
| വരവ് | 29,97,67,600 |
| ആകെ | 33,81,87,660 |
| ചെലവ് | 31,34,47,550 |
| നീക്കിയിരിപ്പ് | 2,47,40,110 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 1,40,39,904 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,07,98,698 |
| ആകെ വരവ് | 9,48,38,602 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,11,72,419 |
| നീക്കിയിരിപ്പ് | 3,36,66,183 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 25255105 | 25255105 | 27347601 | (-2092496) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7496548 | 7496548 | 9194245 | (-1697697) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 12710319 | 12710319 | 4278650 | 8431669 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5577384 | 5577384 | 1376969 | 4200415 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 24246000 | 24246000 | 11672027 | 12573973 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10274000 | 10274000 | 7932049 | 2341951 |
| CSS | 0 | 0 | 0 | 1436644 | (-1436644) |
| Sss | 0 | 0 | 0 | 540000 | (-540000) |

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്താതെയും ചെലവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്. പ്രസ്തുത ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2) ധനകാര്യ കമ്മിഷൻ ഗ്രാന്റ് മുൻ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തൻ വർഷത്തെ മുന്നിരിപ്പായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4-1 വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവു ചെലവു വിവരം

വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള തുകയുടെ വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | സംസ്ഥാന ബജറ്റ് അനുബന്ധം V പ്രകാരം അനുവദിച്ച തുക | ആകെ സോഴ്സ് ഡിഡക്ഷൻ | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ ചെലവഴിച്ച തുക (സുലേഖ പ്രകാരം) | ബാലൻസ് / ലാപ്സ് ആയ തുക | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,04,33,000 | 48,73,565 | 27347601 | 3085399 (ലാപ്സ് ) | 89% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9290000 | 1793452 | 9194245 | 95,755 (ലാപ്സ് ) | 98.96% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 2020-21, 2021-22 വർഷങ്ങളിലെ തുക ക്യാരിഓവറായി ലഭിച്ചത് | 4772319 | 0 | 1074304 | 3698015 (ലാപ്സ് ) | 22.5% |

| | | | | | | |
|---|---|---|---|---|---|---|
| | PFMS മുഖാന്തിരം ലഭിച്ചത് | 7938000 | 0 | 3204346 | 4733654 (ബാലൻസ്) | 40.36% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 2020-21, 2021-22 വർഷങ്ങളിലെ തുക ക്യാരിഓവറായി ലഭിച്ചത് | 285384 | 0 | 0 | 285384 (ലാപ്സ്) | 0% |
| | PFMS മുഖാന്തിരം ലഭിച്ചത് | 5292000 | 0 | 1376969 | 3915031 (ബാലൻസ്) | 26% |

A) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾക്കൊന്നും ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

B) സി.എഫ്.സി ഗ്രാന്റ് മുൻ വർഷത്തെ ക്യാരി ഓവറായി ട്രഷറി മുഖാന്തിരം ലഭിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക നഷ്ടമായിരിക്കുന്നു. ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിന് സുലേഖ പ്രകാരം പദ്ധതികൾ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല (പദ്ധതി അടങ്കൽ 1,84,05,557/- രൂപ ചെലവ് - 56,55,619/- രൂപ).

ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകകൾ നഷ്ടപ്പെടാതെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-4-2 സി.എഫ്.സി ഗ്രാന്റ് ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റ് ചെലവ് തുകകൾ സുലേഖ സ്റ്റേറ്റ്മെന്റ് , എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | സുലേഖ പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക |
|---|---|---|---|
| CFC-Tied | 4278650 | 4278650 | 4162672 |
| CFC-Untied | 1376969 | 1509719 | 1649848/- |

## 1-4-3 സി.എഫ്.സി ഗ്രാന്റ് നീക്കിയിരിപ്പിൽ കുറവ്

2022-23 സാമ്പത്തിക വർഷം പി.എഫ്.എം.എസ് മുഖാന്തിരം ലഭ്യമായ സി.എഫ്.സി ഗ്രാന്റിൽ 297227/- രൂപ കുറവായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സി.എഫ്.സി ടൈഡ് ഗ്രാന്റ് | 31,09,889 | 79,38,000 | 1,10,47,889 | 32,04,346 | 78,43,543 |
| സി.എഫ്.സി അൺടൈഡ് ഗ്രാന്റ് | 33,976 | 55,28,794 | 55,62,770 | 13,76,969 | 41,85,801 |
| ആകെ | 31,43,865 | 1,34,66,794 | 1,66,10,659 | 45,81,315 | 1,20,29,344 |

1) സി.എഫ്.സി ഗ്രാന്റിന്റെ പ്രോജക്റ്റ് മുഖാന്തിരം പി.എഫ്.എം.എസ് അക്കൗണ്ടിലെ യഥാർത്ഥ വരവും ചെലവുമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇതു പ്രകാരം നീക്കിയിരിപ്പ് തുക 1,20,29,344/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരവും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും 1,18,74,442/-രൂപയാണ് നീക്കിയിരിപ്പ് തുക. അതായത് നീക്കിയിരിപ്പിൽ 1,54,901/- രൂപ കുറവ്. സി.എഫ്.സി ഗ്രാന്റ് ഉപയോഗിച്ച നടപ്പിലാക്കിയ പദ്ധതികളിലെ വിവിധ

ഡിഡക്ഷൻ തുകകൾ (ജി.എസ്.ടി, ഇൻകംടാക്സ് തുടങ്ങിയവ) ഉൾപ്പെടെയുള്ള ചെലവാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ നൽകിയിട്ടുള്ളത്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ ഡിഡക്ഷൻ തുകകൾ 2023-24കാലയളവിലാണ് ബാങ്കിൽ നിന്നും പിൻവലിച്ചിരിക്കുന്നത് .(142326/- രൂപ ചെക്ക് നം : 14572 തിയതി 18/04/2023) പ്രസ്തുത തുക കൂടി ഉൾപ്പെടുമ്പോൾ നീക്കിയിരിപ്പിലെ വ്യത്യാസം 297227/- രൂപ . സി.എഫ്.സി ഗ്രാന്റ് ചെലവ് 45,81,315/-രൂപ എന്നിരിക്കെ വാർഷികധനകാര്യപത്രികയിൽ 47,36,216/-രൂപ എന്ന് ജേണൽ എൻട്രി നൽകി ക്രമീകരിച്ചാണ് നീക്കിയിരിപ്പ് അഡ്ജസ്റ്റ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ നീക്കിയിരിപ്പിൽ കുറവാകാനുള്ള കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം: 30 തിയതി :3/10.23)

ഈ വ്യത്യാസത്തിനു കാരണം എന്താണെന്ന് മുൻ വർഷത്തെ പി.എഫ്.എം.എസ് അക്കൗണ്ടിലെ വരവ് ചെലവ് ബാങ്ക് ഡിഡക്ഷൻ, പിൻവലിച്ച തുകകൾ എന്നിവ പരിശോധിച്ച് കണ്ടെത്തേണ്ടതും ആയത് പരിഹരിച്ച് വാർഷിക ധനകാര്യപത്രിക ക്രമീകരിക്കേണ്ടതുമാണ്.

## 1-4-4 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ് പൂർണമായും ചെലവഴിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷവും ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് (2022-23 AFS) | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100180 | Swarnajayanthi Grama Swarozgar Yojana (SGSY) - Minorities | 9,000 |
| 320100181 | Total Sanitation Campaign | 13,279 |
| 320100191 | Nirmal Puraskar | 500,000 |
| 320100196 | Integrated Child Developement Scheme (SNP Share) | 3,601,161 (OB =2047543) |
| 320100198 | Grant From Suchitwa Mission | 2,318,488 (OB = 1970588) |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 27,000.00 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 581,158.00 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 6,150 |
| 320800101 | Beneficiary Contributions | 74,848 (OB=68056) |
| 320900101 | Donations To CMDRF | 12,000 |

പ്രത്യേക ഉദ്ദ്യേശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകകൾ ഇത്തരത്തിൽ ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:20 തിയതി:29/09/23) മറുപടി ലഭ്യമാക്കിയില്ല.പ്രത്യേക ഉദ്ദ്യേശ്യങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാർ ഉത്തരവുകൾക്കനുസൃതമായി തിരികെ ഒടുക്കുവരുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 30433000 | 27347601 | 3085399 |
| വികസനഫണ്ട് എസ്.സി.പി | 9290000 | 9194245 | 95755 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 10274000 | 7932049 | 2341951 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 24246000 | 11672027 | 12573973 |
| ആകെ | 74243000 | 56145922 | 18097078 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

1)




2)




| ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | മുന്നിരിപ്പ് 2021-22 B4ഷെഡ്യൂൾ പ്രകാരം | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 3,109,889.00 | 1,27,10,319.00 | 58,20,208.00 | 42,78,650.00 | 15,41,558.00 | 7,959,521.00 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് (അൺ ടൈഡ്) | 33,976.00 | 55,77,384.00 | 56,11,360.00 | 13,76,969.00 | 42,34,391.00 | 3,914,922.00 |

നീക്കിയരിപ്പ് ഉകകൾ വാർഷികധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | - | 1131530 | 1089530 | 96.28 |
| വെറ്റിനറി സർജൻ | 5 | 4 | 1 | 1873000 | 1768000 | 94.39 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 14 | 12 | 2 | 6575365 | 5242744 | 79.73 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 0 | 200000 | 200000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 0 | 255960 | 242603 | 95 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 12 | 9 | 3 | 82588884 | 8355146 | 10.11 |

| | | | | | | |
|---|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 7 | 7 | 0 | 33737028 | 7480828 | 22.17 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 11 | 0 | 7139350 | 6420464 | 89.93 |
| സെക്രട്ടറി | 43 | 33 | 10 | 19929710 | 15371656 | 77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 49 | 50 | 52484621 | 20884969 | 39.79 |
| ഹെഡ് മാസ്റ്റർ | 3 | 3 | 0 | 1473792 | 1310346 | 88.9 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 5530241 | 2760041 | 49.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 5 | 6 | 5232602 | 1451950 | 27.74 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 35306565 | 27347601 | 77.45 |
| എസ്.സി.പി. | 11083452 | 9194245 | 82.95 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 18405557 | 5655619 | 30.72 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4140000 | 1436644 | 34.7 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 87288624 | 540000 | 0.62 |
| തനത് ഫണ്ട് | 5224524 | 3206959 | 61.38 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 8604345 | 2385945 | 27.72 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 8816175 | 2823375 | 32.02 |
| മെയിന്റനൻസ് റോഡ് | 26772678 | 11672027 | 43.59 |
| മെയിന്റനൻസ് റോഡിതരം | 11844000 | 7932049 | 66.97 |
| മറ്റുള്ളവ | 72840388 | 13918311 | 19.1 |
| ആകെ | 290326308 | 86112775 | 43.38 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 175 | 113 | 62 | 198222373 | 57210224 | 66.26 |
| 214 | 142 | 72 | 218152083 | 72578277 | 33.26 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച്, ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആസൂത്രണസമിതി മിനിറ്റ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു.

ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 04/25.09.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ യോഗ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല,

പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് യഥാസമയം നൽകുന്നതായി അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

6)സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ

രൂപീകരിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് യഥാസമയം ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും മിനിട്സ് ബുക്കിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലായെന്നും വിവരങ്ങൾ യഥാസമയം മിനിട്സ് ബുക്കുകളിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

- വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | മൽസ്യ ബന്ധനം | 17.5.2022, 2.7.2022 | മൽസ്യ ത്തൊഴിലാളികളായ വനിതകൾക്ക് ഐസ് ബോക്സ്,കുട്ടികൾക്ക് ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കൽ |
| 2 | ആരോഗ്യം | 17.5.2022 | ആശുപത്രിയിൽ ചുറ്റമതിൽ സ്ഥാപിക്കുക |
| 3 | ചെറുകിട വ്യവസായം | 17.5.2022 | ചെറുകിയ വ്യവസായ യൂണിറ്റ് തുടങ്ങുന്നതിനുള്ള വർക്കിംഗ് ഷെഡ് സ്ഥാപിക്കുക |
| 4 | വിദ്യാഭ്യാസം | 2.7.2022 | എൽ.പി, യു.പി സ്കൂൾ കുട്ടികൾക്ക് എല്ലാ ദിവസവും പാൽ, മുട്ട എന്നിവ നൽകുക |
| 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 2.7.2022 | അംഗനവാടികളിൽ പ്രഭാതഭക്ഷണം ലഭ്യമാക്കുക, അംഗനവാടികളിൽ സോക്ക്പിറ്റ്/മാലിന്യ സംസ്കരണ ഉപാധി എന്നിവ സ്ഥാപിക്കുക |
| 6 | ദാരിദ്ര്യ ലഘൂകരണം | 2.7.2022 | കുടുബശ്രീ വനിതകൾകളുടെ സംരഭംക ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുക |
| 7 | സാമൂഹ്യക്ഷേമം | 17.5.2022 | വിവിധ അംഗനവാടികൾക്ക് ചുറ്റമതിൽ/കെട്ടിടം എന്നിവ നിർമ്മിക്കുക |
| 8 | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്, ദുരന്ത നിവാരണം | 17.5.2022 | അടിമലത്തുറ, അമ്പലത്തുമൂല എന്നീ വാർഡുകളിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണുക. |

ഓഡിറ്റ് എൻക്വയറി നമ്പർ 26/29.09.2023ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലയിലെയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

- സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി | ഗുരുതരം | ജലദൗർലഭ്യം |
| 2 | സാമൂഹ്യനീതി | ഗുരുതരം | വയോജന പരിപീലനം<br>അംഗനവാടി കെട്ടിടമില്ല |
| 3 | പട്ടികജാതി വികസനം | ഗുരുതരം | തൊഴിലില്ലായ്മ |
| 4 | ആരോഗ്യം | ഗുരുതരം | ചുറ്റമതിൽ ഇല്ലാത്തത്-നായ ശല്യം<br>കെട്ടിടങ്ങളുടെ ശോച്യാവസ്ഥ |
| 5 | പൊതുമരാമത്ത് | ഗുരുതരം | റോഡുകളുടെ ആയുർദൈർഘ്യം കുറയുന്നത് |

ഓഡിറ്റ് എൻക്വയറി നമ്പർ 32/03.10.2023ന്റെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ 4/25.09.2023ന്റെ മറുപടി)

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം കിണർ നിർമ്മാണം, സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSR ഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. ആയതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് ക്ഷേമപദ്ധതികൾക്കായി ചെലവു ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,967,200 | 310 |
| വാർദ്ധക്യകാലപെൻഷൻ | 32,033,900 | 1668 |
| വിധവ പെൻഷൻ | 15,697,000 | 817 |
| വികലാംഗപെൻഷൻ | 6,566,700 | 342 |
| വിവാഹധനസഹായം | 120,000 | 4 |
| തൊഴിൽ രഹിത വേതനം | 4,200 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 443,300 | 23 |

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന ഏതാനും അപേക്ഷകൾ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | പേര് | പെൻഷണർ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്ത | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | കാലയളവ് | |
|---|---|---|---|---|---|---|---|
| 1 | കെ.അമ്മുക്കുട്ടി | 102940100502 | കർഷക തൊഴിലാളി പെൻഷൻ | 15.09.2022 | ആക്ടീവ് | 10/22-6/23 | 24000 |
| 2 | ഡി.തോമസ് | 102940200394 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.01.2022 | സസ്പെൻഡ് | 2/22 | 1600 |
| 3 | ഡെയ്സി | 102940101187 | കർഷക തൊഴിലാളി പെൻഷൻ | 30.12.2021 | സസ്പെൻഡ് | 1/22-2/22 | 3200 |
| 4 | ബി.സുകുമാരൻ | 102940100241 | കർഷക തൊഴിലാളി പെൻഷൻ | 10.12.2021 | സസ്പെൻഡ് | 1/22-2/22 | 3200 |
| 5 | ഭവാനി.എൻ | 102940201674 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.12.2021 | സസ്പെൻഡ് | 1/22-2/22 | 3200 |
| 6 | ലക്ഷ്മി | 102940200431 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.12.2021 | സസ്പെൻഡ് | 1/22-2/22 | 3200 |
| 7 | ബി.സുകുമാരൻ | 102940100241 | കർഷക തൊഴിലാളി പെൻഷൻ | 10.12.2021 | സസ്പെൻഡ് | 1/22-2/22 | 3200 |
| 8 | ഗോപാലൻനാടാർ കെ | 102950100026 | കർഷക തൊഴിലാളി പെൻഷൻ | 04.02.2022 | ആക്ടീവ് | 3/22-6/23 | 25600 |

ധനകാര്യവകുപ്പിന്റെ സർക്കുലർ നം. എസ്.എഫ്.സി.-ബി2/53/2017/ധന തീയതി 22.01.2018 പ്രകാരം മരണപ്പെട്ട പെൻഷണർമാരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. മരണപ്പെട്ട പെൻഷണർമാരെ ഡാറ്റാബേസിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 34/03.10.2023) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം ഡാറ്റാബേസ് പുതുക്കാത്തതിനാൽ മാത്രം സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ അധിക ചെലവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്തിട്ടും ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്യാതെ നിലനിറുത്തിയിട്ടുള്ളതും പെൻഷൻ അനുവദിക്കാനിടയായതും ഗ്രാമപഞ്ചായത്തിന്റെ കൂടി വീഴ്ചയാണ്. മരണരജിസ്ട്രേഷൻ രേഖകൾ പൂർണ്ണമായും പരിശോധിക്കേണ്ടതും മരണപ്പെട്ട പെൻഷണറുമാരെ ഡാറ്റാബേസിൽ നിന്നും സസ്പെൻഡ് ചെയ്യേണ്ടതുമാണ്. അധികമായി അനുവദിക്കപ്പെട്ട ക്ഷേമപെൻഷൻ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2023 തീയതിയിൽ 4.15 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,216/-(ഇരുപത്തൊന്നായിരത്തി ഇരുന്നൂറ്റി പതിനാറ്)രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിലെ AFS പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് * | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 40281 | 2674796 | 2715077 | 1360180 | 549169 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | 0 | 67391345 | 67391345 | 67391345 | 0 |

* I-14 (F) പ്രകാരമുള്ള ഭരണ ചെലവുകളാണ് 13,60,180/- രൂപ മെറ്റീരിയൽ ഫണ്ടിനത്തിലെ തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ടതാണെങ്കിലും സെക്രട്ടറിയുടെ അക്കൗണ്ട് മുഖാന്തിരം ചെലവഴിച്ചിരിക്കുന്നു. ചെലവ് തുക AFS ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-8-1 കരാറുകാരനിൽ നിന്നും GST ഈടാക്കേണ്ടതും സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

MGNREGS പ്രവർത്തികളിൽ സിമന്റിന് SECURE Software ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് വിലമാത്രമേ നൽകാവൂ എന്നും, ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/AW/20 /2022നമ്പർ ഉത്തരവിലൂടെ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല . ടെൻഡർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ , നൽകുന്ന ബ്രാൻഡിന്റെ പേര്(ഓരോ ബ്രാൻഡിനും വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഓരോ പ്രവർത്തിയുടേയും ബിൽ പാസാക്കുമ്പോൾ 2% GST കുറവ് ചെയ്ത ശേഷം ബാക്കി തുക FTOആയി നൽകേണ്ടതാണെന്നും, ടി 2% തുക GST നിയമപ്രകാരം അടക്കേണ്ടതും TDS File ചെയ്യേണ്ടതുമാണെന്ന് MGNREGS മിഷൻ ഡയറക്ടറുടെ 17.8.2022 ലെ File No.NREGA/724/2022-A3 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എക്വയറിക്ക് (26.9.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-21) ലഭ്യമാക്കിയ മറുപടിയിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ മെറ്റീരിയൽ വിതരണത്തിന് തുക അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | പ്രവർത്തിയുടെ കോഡ് | FTO തുക അനുവദിച്ച തീയതി | കരാറുകാരന് നൽകിയ തുക | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക (2% GST) |
|---|---|---|---|---|---|---|
| 1 | ഫിഷർമെൻ കോളനി നടപ്പാത ഇൻറ്റർലോക്ക് വാർഡ് -9 | RC/370789 Mbook No. 179/22-23 (B.Surendran) | 17.3.2023 | 340690 | 0 | 6814 |
| 2 | അടിമലത്തുറ ഫിഷർമെൻ കോളനി നടപ്പാത ഇൻറ്റർലോക്ക് വാർഡ് - 10 | RC/370786 Mbook No. 178/22-23 (B.Surendran) | 17.3.2023 | 393363 | 0 | 7867 |
| | | | | | | 14681 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി Tds ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതും, ഭാവിയിൽ കരാറുകാർ മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ , നൽകുന്ന സിമന്റ് ബ്രാൻഡിന്റെ പേര്, വില, യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നതാണെന്ന് ഉറപ്പ വരുത്തേണ്ടതും അപ്രകാരം മാത്രം തുക അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-8-2 MNREGS മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സ്ഥാപനത്തിലെ മരാമത്ത് വിഭാഗം അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികളേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു- അപാകത പരിഹരിക്കേണ്ടതാണ്.

ചുവടെ പറയുന്ന ഇന്റർലോക്ക് പ്രവൃത്തികളിലെ എസ്റ്റിമേറ്റിൽ Specification 80.8.34 പ്രകാരം ഇന്റർലോക്ക് ഇടുന്നതിന് 1102.9/m2 രൂപ ആണ് നിരക്ക് രേഖപ്പെടുത്തി കാണുന്നത്. ഈ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ

AE, LSGD മുഖാന്തിരം നിർവ്വഹിക്കുന്ന വിവിധ ഇന്റർലോക്ക് പ്രവൃത്തികളിൽ 966.06/m2 (പ്രൈസ് സോഫ്റ്റ്വെയർ) ആണ് നിരക്കുള്ളത്.

ഉദാ. Project No.96/22-23,improvement Ofshiluvumala Beach Road In Ward 10, Project No.105/22-23, Improvement Of Mother Theresa Approch Road Ward 9

AE, LSGD മുഖാന്തിരം നിർവ്വഹിക്കുന്ന പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്, കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് (ഇവ രണ്ടും 20%) , കൂടാതെ കോസ്റ്റ് ഇൻഡക്സ് (35.93%) കൂടി ചേരുന്ന തുകയാണ് കരാറുകാരന് നൽകുന്നത്. MNREGS മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഈ ഇനങ്ങൾ ഉൾപ്പെടാതിരിക്കെ ആണ് ഉയർന്ന നിരക്ക് നൽകി വരുന്നത്. ഇത്തരത്തിൽ ഉയർന്ന തുക അനുവദിക്കാനുള്ള കാരണവും Specification 80.8.34 പ്രകാരം ഇൻറ്റർലോക്കിന് വില (Specification 80.8.34 പ്രകാരം Interlock വില 796/m$^2$) നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റ് കാലയളവിലെ LMR ലഭ്യമാക്കുന്നതിനും, ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26.9.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-21) ലഭ്യമാക്കിയ മറുപടിയിൽ Secure സോഫ്റ്റ്വെയർ മുഖാന്തിരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും ബ്ലോക്ക്, ജില്ലാ തലത്തിൽ നിന്നും അംഗീകാരം ലഭിച്ച ശേഷമാണ് പ്രവൃത്തി നിർവ്വഹിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് കാലയളവിലെ LMR, ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു.

1. ഫിഷർമെൻ കോളനി നടപ്പാത ഇന്റർലോക്ക് വാർഡ് -9 , RC/370789

2. അടിമലത്തുറ ഫിഷർമെൻ കോളനി നടപ്പാത ഇന്റർലോക്ക് വാർഡ് - 10 , RC/370786

3. മരപ്പാലം സർവ്വീസ് സ്റ്റേഷൻ മുതൽ ശാന്തിഗ്രാം വരെ നടപ്പാത നിർമ്മാണം, വാർഡ് - 7, RC/358914

ഒരേ പ്രവൃത്തികൾ MNREGS മുഖാന്തിരവും, AE മുഖാന്തിരവും 9, 10 എന്നീ വാർഡുകളിൽ നടപ്പിലാക്കിയ നടപ്പാക്കിയപ്പോൾ വ്യത്യസ്ത തരത്തിലുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹിക്കുമ്പോൾ MNREGS മുഖാന്തിരം ഉയർന്ന തുക ചെലവഴിക്കേണ്ടി വരുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-8-3 മെറ്റീരിയൽ സംഭരണം - വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ MNREGS മുഖേന നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവർത്തികൾക്ക് ടെൻഡർ മുഖാന്തിരം കരാറുകാർ മെറ്റീരിയൽ വിതരണം നടത്തിയിട്ടുണ്ട്. മേൽ പ്രവർത്തിയിൽ, MNREGS മെറ്റീരിയൽ വിതരണം സംബന്ധിക്കുന്ന 31.3.2012 തീയതിയിലെ സ.ഉ(കൈ) നം.93/2012/ത.സ്വ.ഭ.വ, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതായി ഫയലിൽ കാണുന്നില്ല. കരാറുകാർ സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങൾ അളവ് രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തത് സംബന്ധിക്കുന്ന വിവരങ്ങളും, അതിന്റെ സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26.9.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.- 21) ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്കിലെടുക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതു സംബന്ധിച്ച രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതാകുന്നു.

1. ഫിഷർമെൻ കോളനി നടപ്പാത ഇൻറ്റർലോക്ക് വാർഡ് -9 , RC/370789

2. അടിമലത്തുറ ഫിഷർമെൻ കോളനി നടപ്പാത ഇൻറ്റർലോക്ക് വാർഡ് - 10 , RC/370786

3. കുഴിവിള പൊതുവഴി നിർമ്മാണം വാർഡ് - 15, RC/314210

4. മരപ്പാലം സർവ്വീസ് സ്റ്റേഷൻ മുതൽ ശാന്തിഗ്രാം വരെ നടപ്പാത നിർമ്മാണം, വാർഡ് - 7, RC/358914

5. ചരുവിള പുത്തൻവിള നടപപാത കോൺക്രീറ്റ്, വാർഡ് -4, RC/370790

മേൽ പ്രവർത്തികളിൽ കരാറുകാരൻ വിതരണം നടത്തിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ കരാറുകാർ മുഖേന സാധന സാമഗ്രികൾ ശേഖരിക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-8-4 സർക്കാർ നിർദേശിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതാണ്

MNREGS മുഖേന നടപ്പിലാക്കിയ പ്രവർത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവർത്തി ആരംഭിക്കുന്നതിനു മുമ്പ്, പ്രവർത്തി

നടക്കുമ്പോൾ, പ്രവർത്തി പൂർത്തിയായി കഴിഞ്ഞ് എന്നീ അവസരങ്ങളിൽ നടത്തേണ്ടതാണെന്നും, ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയിലെ നം.ഡി.ഡി2/336 /2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഇത്തരം പരിശോധനകൾ നടത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എക്വയറിക്ക് (26.9.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.- 21) ലഭ്യമാക്കിയ മറുപടിയിൽ പരിശോധനകൾ നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിശോധനകൾ നടത്തേണ്ടതും നിശ്ചിത മാതൃകയിലുള്ള പരിശോധനാ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-8-5 എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ ഫണ്ടിനത്തിൽ ലഭ്യമായ തുകകൾ (FTO പ്രകാരം) PFMS മുഖാന്തിരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് ചെയ്തില്ല - 717756/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

എം.ജി.എൻ.ആർ.ജി.എസ് ൽ അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലെ ഫണ്ട് ഒഴികെ മറ്റിനങ്ങളായ മെറ്റീരിയൽ വർക്ക്, നോൺമെറ്റീരിയൽ വർക്ക് തുടങ്ങിയവയുടെ ചെലവു തുകകൾ നിർവഹിച്ച പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ട വ്യക്തികളുടെ ബാങ്ക് അക്കൗണ്ട്, ആധാർ നമ്പർ മുതലായ വിവരങ്ങൾ ഉൾപ്പെടുത്തി എഫ്.റ്റി.ഒ (ഫണ്ട് ട്രാൻസ്ഫർ ഓർഡർ) തയ്യാറാക്കി നിർവഹണോദ്യോഗസ്ഥൻ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കുന്നു. പ്രസ്തുത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സ്റ്റേറ്റ് നോഡൽ ഓഫീസർ അപ്രൂവ് ചെയ്ത ശേഷമാണ് തുക അനുവദിക്കുന്നത്. ഇപ്രകാരം അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ/വെണ്ടറുടെ അക്കൗണ്ടിലേക്ക് PFMS മുഖാന്തിരം ഉടൻ തന്നെ നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനാണ് ഇത്തരത്തിൽ തുക അനുവദിക്കുന്നത്. എന്നാൽ 2022-23 ൽ മെറ്റീരിയൽ ഫണ്ടിനത്തിൽ ലഭ്യമായ തുകകൾ പൂർണമായും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഓഡിറ്റിനു ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം മെറ്റീരിയൽ ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ നിന്നും 1240377/- രൂപ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (SBI Ac/No: 67061769002) ട്രാൻസ്ഫർ ചെയ്തു. മാന്വലായി ഇതിന്റെ വൗച്ചർ തയ്യാറാക്കി ചെക്ക് മുഖാന്തിരം പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ലഭ്യമായ തുകകൾ പൂർണമായും ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. 717756/- രൂപ തൻവർഷം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക അക്കൗണ്ടിൽ അവശേഷിക്കുന്നു. ഇത്തരത്തിൽ നൽകിയ തുകകൾ യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ (പ്രവൃത്തി നിർവഹിച്ചവർക്ക്) നൽകിയത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഏതു വർക്കിൽ ആരുടെ പേരിൽ അനുവദിച്ച തുകയാണ് ഇതെന്നും ഓരോരുത്തർക്കും എത്ര തുക അനുവദിച്ചുവെന്നും FTO യുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:21 തീയതി:29/09/23) CIB (Citizens Information Board) സ്ഥാപിക്കുന്നതിന് കുടുംബശ്രീ മുഖാന്തിരം ടെണ്ടർ എടുത്തിട്ടുള്ള രണ്ട് ഗ്രൂപ്പുകൾ വെണ്ടർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സെക്രട്ടറിയുടെ പേരിലുള്ള വെണ്ടർ ഐ.ഡി ഉപയോഗിച്ച് മെറ്റീരിയൽ എൻട്രി ചെയ്യുകയും മെറ്റീരിയൽ ഫണ്ട് വരുന്ന മുറയ്ക്ക് എ.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് ചെക്ക് വഴി ക്രഡിറ്റു ചെയ്തു നൽകുകയും ചെയ്തു എന്നാണ് മറുപടി നൽകിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കാരണം CIB തയ്യാറാക്കി നൽകിയ കുടുംബശ്രീ യൂണിറ്റിന് ബാങ്ക് അക്കൗണ്ട് ഉറപ്പായും ഉണ്ടായിരിക്കും പ്രസ്തുത വിവരങ്ങൾ വാങ്ങി വെണ്ടറായി ആഡ് ചെയ്യാമായിരുന്നു. കൂടാതെ CIB യുടെ തുക മാത്രമല്ല ഇപ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. മറ്റ് വർക്കുകളുടെയും തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ അക്കൗണ്ടന്റ് ഇത്തരത്തിൽ തുക ട്രാൻസ്ഫർ ചെയ്തപ്പോൾ നിർവഹണോദ്യോഗസ്ഥർ ഇതു സംബന്ധിച്ച് കർശനമായ നിർദ്ദേശം നൽകേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം നിർദ്ദേശം നൽകാതെ തുക ചെക്ക് മുഖാന്തിരം പിൻവലിക്കുന്നതിന് അനുവദിച്ചിരിക്കുന്നു. ഇത്തരത്തിൽ തുക ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ധനവിനിയോഗം നടത്തുന്നതിന് നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക പൂർണമായും പ്രവൃത്തി നിർവഹിച്ചതു പ്രകാരമുള്ള യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു എന്ന തെളിയിക്കുന്ന രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച ലഘു അവലോകനം താഴെ കൊടുക്കുന്നു. ഓഫീസ് ഓർഡർ മുഖാന്തിരം ജീവനക്കാർക്ക് യഥാവിധി ജോലി വിഭജനം നൽകി ഓഫീസ് പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും, ഓഫീസ് മീറ്റിംഗുകൾ കൂടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജോലി വിഭജന പ്രകാരം പ്രവർത്തനങ്ങൾ നടക്കുന്നതിൽ താഴെ പറയുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലയളവ് അവസാനിച്ചതിനാൽ ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ തീർത്ത് തയ്യാറാക്കി സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3) ചെലവുകൾ യഥാസമയം ബുക്ക് ചെയ്യുന്നതിലും, പേമെന്റ് അനുവാദം ലഭിക്കുന്നതിലും മുൻപു ചെലവുകൾ ചെയ്യുന്നതും ക്രമരഹിതമാണ്.

4) വാർഷിക ധനകാര്യ പത്രികയിലേയും വിവിധ വരവിന രജിസ്റ്ററുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

5) നികുതി, നികുതി ഇതര ഇനങ്ങളുടെ ഡിമാന്റ് വിവരങ്ങൾ അപൂർണ്ണമാണ്. നികുതി, കുടിശ്ശിക ഈടാക്കുന്നതിലും നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6) പദ്ധതി രൂപീകരണത്തിനും, നിർവഹണത്തിനും സർക്കാർ നിർദ്ദേശങ്ങളും, മാർഗ്ഗരേഖകളും പാലിക്കേണ്ടതാണ്. താത്കാലിക ജീവനക്കാരുടെ നിയമനത്തിന് സർക്കാർ അനുമതി നിർബന്ധമായും നേടേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ആഗസ്റ്റ് 2022 | 2021-22 | 2022 സെപ്റ്റംബർ |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 23.03.2015 | 2010-11 മുതൽ 2014-15 വരെ | 08.07.2015 |

## 1-11 വസ്തു നികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (2) (A) , 2011 ലെ വസ്തു നികുതി ചട്ടങ്ങളിലെ ചട്ടം 4(1), 5 എന്നിവ പ്രകാരം കെട്ടിടങ്ങളെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന നികുതി സർക്കാർ നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. എന്നാൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്കനുസൃതമായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോയെന്നതിൽ വ്യക്തതയില്ല.

1) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മേഖലാ വിഭജനം നടത്തിയതുമായി ബന്ധപ്പെട്ടോ, മേഖലാവിഭജനത്തിന്റെ അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കിയതു സംബന്ധിച്ചോ യാതൊരു രേഖകളും ലഭ്യമായില്ല.

2) സ.ഉ (കൈ) നം. 77/2023/തസ്വഭവ തീയതി22.03.2023 പ്രകാരം 2023-24 മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തുകൾ പുതുക്കി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ 7-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ 8 -ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വഴി സൌകര്യത്തിന്റ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ അടിയന്തിരമായി സ്വീകരിച്ച് അന്തിമവിജ്ഞാപനങ്ങൾ ഉടൻ പ്രാബല്യത്തിൽ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2) 01.04.2023 ലെ വസ്തുനികുതി പരിഷ്കരണം അന്തിമമാക്കിയ

വിജ്ഞാപനം പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുള്ളതായും, പരിഷ്കരിച്ച നികുതി നിരക്കുകൾ സഞ്ചയയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കി. 26.06.2023 ലെ 6(1) തീരുമാനത്തിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ മേഖലാ വിഭജനം നടത്തി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളതായും മറുപടി നൽകി. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്ക ലഭ്യമായില്ല.

3) 1-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ. (കൈ) നം. 77/2023/LSGD തീയതി 22/03/2023 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഉത്തരവിലെ 1 മുതൽ 5 വരെയുള്ള ഖണ്ഡികകളിൽ വസ്തു നികുതി, സേവന ഉപനികുതി എന്നിവ പരിഷ്കരിച്ച നിരക്കിൽ ഈടാക്കുന്നതിനും, ഇതു സംബന്ധിച്ച ഡിമാന്റ് നോട്ടീസുകൾ 31.03.2023 നകം നൽകുന്നതിനും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും, ഗ്രാമപഞ്ചായത്ത് മുൻ വർഷം വരെ അസസ്സ് ചെയ്തിരുന്ന കെട്ടിടങ്ങളുടെ നികുതി 5% നിരക്കിൽ വർദ്ധിപ്പിച്ച് ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സേവന ഉപനികുതി ഈടാക്കുന്നില്ല. ഡിമാന്റ് നോട്ടീസും വിതരണം ചെയ്തിട്ടില്ല.

മേഖലകൾ തരംതിരിക്കുന്നതിൽ ശാസ്ത്രീയമായ രീതി അവലംബിക്കേണ്ടതും പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനത്തിലാണ് മേഖലാ നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. വസ്തു നികുതി പരിഷ്കരിച്ച് ഡിമാന്റ് നോട്ടീസുകൾ നൽകി നികുതി ഈടാക്കുന്നതിന് ചട്ടം, സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കി തനതു വരുമാനം ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും ഉടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നതിലേക്കായി സ്റ്റാന്റിംഗ് കമ്മിറ്റികളോ, ഭരണസമിതിയോ ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. സേവന ഉപനികുതി ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/26.09.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. ഉപനികുതി ചുമത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്താനുള്ള അവസരം ലഭിക്കുമെന്നതിനാൽ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## 1-13 വസ്തുനികുതി ഇളവുകൾ

1) വിമുക്ത ഭടന്മാരുടെ കുടുംബത്തിനു താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ഇളവു ചെയ്തതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തു നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ലഭിച്ചവരുടെ അപേക്ഷകൾ, സാക്ഷ്യപത്രങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ ലഭ്യമായില്ല.

2) വസ്തു നികുതിയിൽ ഇളവ് അനുവദിച്ചതിനുള്ള മാനദണ്ഡം വ്യക്തമല്ല.

സഞ്ചയ പരിശോധിച്ചതിൽ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം 'നികുതി, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്നു രേഖപ്പെടുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | പേര് /വിലാസം |
|---|---|---|---|
| 1 | 6/319 | 14.56m2 | എൻ. വേണുഗോപാലൻ, ,പ്ളാവിള വീട്,ശ്രീനാരായണപുരം, കഴിവൂർ പി ഓ, 9847351160 |
| | 6/323 | 16.74m2 | |

| | | | |
|---|---|---|---|
| 2 | 8/435A | 45m2 | ജീവ ദാസ്, ,കുളത്തിൻവിള വീട്,,ചൊവ്വര,695501,, |
| | 8/436 | 25m2 | |
| 3 | 12/76B | 30m2 | ചെല്ലമ്മ, ,കാവുവിളാകത്തുവീട്,കോട്ടുകാൽ,കോട്ടുകാൽ,695501 |
| | 12/120A | 54.78m2 | ചെല്ലമ്മ, കാവുവിളാകത്ത് വീട്,കരിക്കകം കോട്ടുകാൽ,കോട്ടുകാൽ,695501 |
| 4 | 15/157B | 12m2 | കുഞ്ഞുകൃഷ്ണൻനാടാർ, ,ചരുവിളപുത്തൻ വീട്, കോട്ടുകാൽ,695501 |
| | 15/157C | 10m2 | |
| 5 | 15/194E | 2 M2 | കെ.ഗോപാലൻ നായർ, ,ബിന്ദു ഭവൻ, പുന്നക്കുളം,കോട്ടുകാൽ,695501,, |
| | 15/194F | 10m2 | |
| 6 | 15/518 | 18 M2 | ആദർശ്. ഡി.എസ് ,അനന്തപുരി, പുന്നക്കുളം, കോട്ടുകാൽ,695501,, |
| | 15/518A | 100 M2 | ആദർശ്.ഡി.എസ്, മാത്രുയ്ക്കൽ വീട് പുന്നക്കുളം, കോട്ടുകാൽ, കോട്ടുകാൽ,695501,, |
| | 15/515 | 50m2 | ആദർശ്.ഡി.എസ്, മാത്രുയ്ക്കൽ വീട് പുന്നക്കുളം, കോട്ടുകാൽ, കോട്ടുകാൽ,695501, |
| | 15/516A | 60 M2 | ആദർശ്.ഡി.എസ്, ,മാത്രുയ്ക്കൽ വീട് പുന്നക്കുളം,കോട്ടുകാൽ,കോട്ടുകാൽ,695501, |
| | 15/520 | 14 M2 | ആദർശ്.ഡി.എസ്, ,മാത്രുയ്ക്കൽ വീട് പുന്നക്കുളം, കോട്ടുകാൽ, കോട്ടുകാൽ,695501, |
| | 14/208A | 40m2 | ഡി.എസ്. ആദർശ്, ,പി.റ്റി.എം ഇംഗ്ളീഷ് മീഡിയം സ്കൂൾ,പുന്നക്കുളം,കോട്ടുകാൽ,695501, |
| 7 | 15/643B | 10m2 | ജയകുമാർ, രാമകൃഷ്ണനിവാസ് |
| | 16/624A | 4m2 | ജയകുമാർ, കോട്ടുകാൽ,695501,7736491113 |
| | 15/29/C | 10m2 | ജയകുമാർ,കോട്ടുകാൽ,695501, |
| 8 | 15/94B | 12m2 | ആർ.അശോക് കുമാരൻനായർ, അശോക്ഭവൻ,,കോട്ടുകാൽ,695501, |
| | 15/703B | 12m2 | ആർ.അശോക് കുമാരൻനായർ, അശോക്ഭവൻ, പുന്നക്കുളം,കോട്ടുകാൽ,695501, |
| 9 | 16/282A | 25m2 | പി.സുരേന്ദ്രൻ, അംബുജവിലാസം,പയറ്റുവിള,695501, |
| | 16/282B | 65m2 | |
| 10 | 17/55A | 22m2 | കുട്ടൻ പണിക്കർ ,ശ്രീ സദനം പയറ്റുവിള,പയറ്റുവിള,695501, |
| | 17/55F | 33m2 | |
| 11 | 14/438 | 102m2 | സെക്രട്ടറി, കോട്ടുകാൽ സർവ്വീസ് സഹകരണ സംഘം, കോട്ടുകാൽ |
| 12 | 15/450F | 42m2 | ഔവർട്യൂട്ടോറിയൽ, കോട്ടുകാൽ,695501 |
| | 15/450G | 46m2 | |
| 13 | 15/517 | 165m2 | കെദാമോദരൻപിള്ള, പി.ടി.എം ഐടിഐ,മരുതൂർക്കോണം,കോട്ടുകാൽ,695501 |
| | 15/519 | 171.6m2 | |

മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം (പാർപ്പിടം, വാണിജ്യാവശ്യം തുടങ്ങിയവ) സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. 600 സ്ക്വ. ഫീറ്റ് വരെ വിസ്തീർണ്ണമുള്ള ഉടമസ്ഥന്റെ സ്വന്തം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും, മേൽ കെട്ടിടങ്ങളിൽ ഉപയോഗക്രമം രേഖപ്പെടുത്താത്ത സാഹചര്യത്തിൽ പ്രസ്തുത ആനുകൂല്യം അനുവദിക്കാൻ കഴിയില്ല. ഒരേ വ്യക്തിയുടെ തന്നെ ഒന്നിലധികം കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/03.10.2023) ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതും, മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം, കെട്ടിടങ്ങളുടെ നികുതി

ഒഴിവാക്കാനടിസ്ഥാനമാക്കിയ മാനദണ്ഡം എന്നിവ വ്യക്തമാക്കേണ്ടതാണ്. ചട്ട വിരുദ്ധമായി നികുതി ഇളവ് അനുവദിച്ചിട്ടുള്ള പക്ഷം നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തിയിട്ടില്ല

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം. 36/2015/lsgd Dated 24.02.2015 ) പ്രകാരം സ്വകാര്യ ഹോസ്റ്റൽ / ഹോം സ്റ്റേ , വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്. എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നീ വിഭാഗങ്ങളിലെ കെട്ടിടങ്ങൾക്ക് കൂടിയതും കുറഞ്ഞതുമായ വസ്തുനികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇതിന്റെ അടിസ്ഥാനത്തിലുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിരക്ക് ഭരണസമിതി അംഗീകരിച്ചു നൽകിയതു സംബന്ധിച്ച രേഖകൾ/തീരുമാനങ്ങൾ ലഭ്യമാക്കിയില്ല.

നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഉപയോഗക്രമത്തിലെ കെട്ടിടങ്ങളൊന്നും തന്നെ സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി, വിവിധ റിസോർട്ടുകളോടനുബന്ധിച്ച് ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയി ൽ താരതമ്യേന നികുതി കുറഞ്ഞ റിസോർട്ടു തുടങ്ങിയ ഗണങ്ങളിൽ ഉൾപെടുത്തിയിരിക്കുന്നു.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/03.10.2023) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തേണ്ടതും, തദനുസൃതമായ നികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയം തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതു വരവു കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 വസ്തു നികുതി, ലൈബ്രറി സെസ് എന്നീ ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷൻ രസീത് മുഖാന്തിരം വസ്തുനികുതി സ്വീകരിച്ച ഏതാനും കെട്ടിടങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ സഞ്ചയയുമായി ഒത്തുനോക്കുകയുണ്ടായി. സഞ്ചയയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ഔട്ട് ഡോർ രസീതു പ്രകാരമുള്ളതുമായി പൊരുത്തപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണമായി

1) ഔട്ട് ഡോർ കളക്ഷൻ രസീത് 20112/15, 20112/29പ്രകാരം 11/212F (ശ്രീമതി. വി പ്രസന്നകുമാരി യുടെ കെട്ടിടം) എന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ 2015-16 മുതൽ 2022-23 വരെയുള്ള കാലയളവിലെ വസ്തു നികുതി, ലൈബ്രറി സെസ്, പിഴ എന്നീ ഇനങ്ങളിലായി ആകെ 3302/- രൂപ ഈടാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ഡി.സി.ബി. വിവരങ്ങൾ സഞ്ചയ മുഖാന്തിരം പരിശോധിച്ചതിൽ മേൽ പ്രകാരം ഒടുക്കിയിട്ടുള്ള 3302/- രൂപ അധികം ഒടുക്കിയതായി കാണിക്കുന്നു. കെട്ടിടത്തിന്റെ ഡിമാന്റ് വിവരങ്ങൾ 0 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. 90m2 വീസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഡിമാന്റ് വിവരങ്ങൾ 0 എന്നും കളക്ഷൻ തുക അധികമായി ഒടുക്കിയതായും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതിനുമുള്ള കാരണം വ്യക്തമല്ല.

2) ഔട്ട് ഡോർ കളക്ഷൻ രസീത് 20117/15, 29 പ്രകാരം 11/212 F (ശ്രീമതി വി.പ്രസന്നകുമാരിയുടെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഗണത്തിൽപ്പെട്ട കെട്ടിടം) എന്ന കെട്ടിടത്തിന്റെ 2019 മുതൽ 2023 വരെയുള്ള വസ്തു നികുതി, ലൈബ്രറി സെസ്, നോട്ടിഫിക്കേഷൻ ഫീ ഇനത്തിൽ 840/- രൂപ 20117/15 എന്ന രസീത് പ്രകാരവും, 2014-23 കാലയളവിലെ വസ്തുനികുതി, ലൈബ്രറി സെസ് ഇനത്തിൽ 669/- രൂപ 20117/29 എന്ന രസീത് പ്രകാരവും ഈടാക്കിയിട്ടുണ്ട്. വിവിധ തീയതികളിലെ ഫ്രണ്ട് ഓഫീസ് കളക്ഷനിലൂടെ 895/- രൂപ ഒടുക്കിയതായും സഞ്ചയ കളക്ഷൻ വിവരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (കെട്ടിടത്തിന്റെ വിസ്തീർണ്ണം 31 M2)

സഞ്ചയ പ്രകാരം ടി കെട്ടിടത്തിന്റെ ഒരു സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് 273/- രൂപയാണ് (ലൈബ്രറി സെസ് ഉൾപ്പെടെ). അതായത് 2014-15 മുതൽ 2022-23 സാമ്പത്തിക വർഷം വരെ ടിയാളിൽ നിന്നും ഈടാക്കേണ്ട നികുതി തുക 2,457/- രൂപയാണ്. മേൽ പ്രകാരം പ്രസന്നകമാരി ടി കാലയളവിലേക്ക് ഒടുക്കിയിട്ടുള്ളത് 2404/- രൂപയാണ് (840+669+895). ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ടതിലും കുറവായാണ് നികുതി ലഭിച്ചിട്ടുള്ളത് എങ്കിലും, സഞ്ചയ ബാലൻസ് വിശദാംശങ്ങളിൽ 2023-24 വരെ നികുതി കുടിശ്ശിക ഇല്ലായെന്നും, കെട്ടിട ഉടമ 382/- രൂപ അധികമായി ഒടുക്കിയിട്ടുണ്ട് എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ പൊരുത്തപ്പെടാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/29.09.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് - വരവ് ഫയലുകൾ/രേഖകൾ പരിശോധനക്ക ലഭ്യമായില്ല

വാർഷിക കണക്കുകൾ ഐ4 ഷെഡ്യൂൾ പ്രകാരം 140500209 റീസ്റ്റൊറേഷൻ ചാർജ്ജസ് ഫോർ റോഡ് കട്ടിങ് ഹെഡിൽ 28,690/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ, ഫയലുകൾ പരിശോധനക്ക ലഭ്യമായില്ല. ആയതിനാൽ ഈയിനത്തിൽ ലഭിച്ചിട്ടുള്ള വരവുകൾ ക്രമപ്രകാരമുള്ളതാണോ എന്നത് ഉറപ്പാക്കാനായില്ല.

രേഖകൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/26.09.2023) മറുപടി/ഫയലുകൾ ലഭ്യമാക്കിയില്ല. പരാമർശത്തിന മറുപടി / രേഖകൾ പരിശോധനക്ക ലഭ്യമാക്കേണ്ടതാണ്.

## 1-17 തനതു വരവുകൾ അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയിതര വരുമാനം 90% ൽ കുറവായതിനാൽ പിഴയായി സർക്കാർ വികസനഫണ്ട് വിഹിതം കുറവ് ചെയ്തിരുന്നു. തനതു വരുമാനം ഉറപ്പാക്കുന്നതിനും, പൂർണ്ണമായി ലഭ്യമാക്കുന്നതിനും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ B-15 Sundry Debtors (Receivables) പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക വിശദാംശം ചുവടെ.

| ഹെഡ് | 31.03.2023 ലെ കുടിശ്ശിക | 31.03.2022 ലെ കുടിശ്ശിക |
|---|---|---|
| 431100101 പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (കറന്റ്) | 1,308,052 | 1,425,378 |
| 431100102പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ (അരിയർ) | 2,654,314 | 2,522,944 |
| 431100103 പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (കറന്റ്) | 375,916 | 2,431,392 |
| 431100104 പ്രോപ്പർട്ടി ടാക്സ് നോൺ റസിഡൻഷ്യൽ (അരിയർ) | 590,049 | 1,687,452 |
| ആകെ | 4928331 | 8067166 |

മേൽ പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിന ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമല്ല. കുടിശ്ശിക ഈടാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ, കുടിശ്ശികയുടെ വർഷം തിരിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/26.09.2023 ) മറുപടി നൽകിയില്ല. കുടിശ്ശിക നിവാരണത്തിനും ഡിമാന്റ് തുകകൾ പൂർണ്ണമായും ഈടാക്കുന്നതിനുമുള്ള ഫലപ്രദമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും നടത്തേണ്ടതാണ്.

## 1-18 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും 2022-23സാമ്പത്തിക വർഷം വരെ കുടിശ്ശികയായ വസ്തു നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | കെട്ടിട നമ്പർ | വർഷം | കുടിശ്ശിക തുക |
|---|---|---|---|
| ഇൻഡസ് ടവർ ലിമി | 4/124/ D | 2021-22 മുതൽ 2022-23 വരെ | 15240 |
| റിലയൻസ് ഇൻഫോ കോം ലിമി | 11/348/A | 2021-22 മുതൽ 2022-23 വരെ | 12676 |
| എ.റ്റി.സി. ഇൻഫ്രാസ്ട്രക്ചർ പ്രൈ ലിമി | 19/347/C | 2021-22 മുതൽ 2022-23 വരെ | 15856 |
| ആകെ | | | 43772 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ അന്വേഷണകുറിപ്പ് 37/04.10.2023-ന് മറുപടി നൽകിയില്ല. കുടിശ്ശിക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 അനധികൃത കെട്ടിടങ്ങൾ നികുതി കുടിശ്ശിക വരുത്തിയിരിക്കുന്നു

അനധികൃതകെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്235 എ.എ.യിലെ 1-ാം ഉപവകുപ്പ് നികുതി നിർണ്ണയിക്കേണ്ടതാണെന്ന് ചട്ടം20(3)ൽ വിവരിച്ചിട്ടുണ്ട്. കൂടാതെ വസ്തുനികുതിയും അതിന്റെ 2ഇരട്ടി തുകയും ചേർത്ത് നികുതി ഈടാക്കേണ്ടതാണ്. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ യു.എ. നമ്പർ നൽകപ്പെട്ട 245 കെട്ടിടങ്ങളുണ്ട്. ഗ്രാമപഞ്ചായത്ത് നമ്പർ നൽകിയിട്ടുള്ള അനധികൃത കെട്ടിടങ്ങൾ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| കെട്ടിട നം (യു.എ) | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|
| 9/364 D | 2019-20 മുതൽ | 10757 |
| 9/286 A | 2020-21 മുതൽ | 13920 |
| 9/330 A | 2020-21 മുതൽ | 9097 |
| 10/30 A | 2017-18 മുതൽ | 14925 |
| 10/31 A | 2020-21 മുതൽ | 10174 |
| 10/82 A | 2017-18 മുതൽ | 15990 |
| 11/468 A | 2019-20 മുതൽ | 10727 |

നികുതി കുടിശ്ശിക ഈടാക്കുന്നതിനു ഗ്രാമപഞ്ചായത്തു നടപടികൾ സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയോ, ഭരണസമിതിക്കു ശുപാർശകൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.37/04.10.2023) മറുപടി നൽകിയില്ല.

നികുതി കുടിശ്ശിക ഈടാക്കുന്നതിനു നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 തൊഴിൽ നികുതി ഡിമാന്റ് വിവരങ്ങൾ പൂർണ്ണമല്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ഥാപനങ്ങൾ, സംരംഭകർ/വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയും, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം സേവനം ചെയ്യുന്ന വ്യക്തികളും തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വിഭാഗങ്ങളിൽപ്പെട്ടവരുടെ പൂർണ്ണമായ വിശദാംശങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുകയോ, തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

എ) തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള, ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|
| എസ്.ബി.ഐ. ചൊവ്വര | I |
| എസ്.ബി.ഐ. ഉച്ചക്കട | I, II |
| മരിയനിലയം ഹോസ്പിറ്റൽസ്, അമ്പലത്തുംമൂല | I, II |
| മുത്തൂറ്റ് മൈക്രോ ഫിൻ ലിമി. | I,II |
| മുത്തൂറ്റ് ഫിനാൻസ് ഉച്ചക്കട | I,II |
| മിനി മുത്തൂറ്റ് നിധി ചപ്പാത്ത് | II |
| ട്രാവൻകൂർ ഹെറിറ്റേജ് | I, II |
| മുത്തൂറ്റ് മർക്കന്റൈൽ ലിമിറ്റഡ്, ഉച്ചക്കട | II |
| ഇൻസ്റ്റാ കാർട്ട് സർവീസസ് പ്രൈവറ്റ് ലിമി | I |
| നിരാമയ സൂര്യ സമുദ്ര | I, II |

മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെയും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കുന്നതിലേക്കമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/25.09.2023)

വിശദീകരണം നൽകുകയോ, രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. സർക്കാർ, പൊതുമേഖല, സർക്കാർ ഇതര സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും നികുതി ലഭിക്കുവാനുണ്ട് എന്നത് വ്യക്തമല്ല. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി നികുതി കുടിശ്ശിക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ബി) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാർ, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവാൻ അവശേഷിക്കുന്നു.

| സ്ഥാപനം | നികുതി ഒടുക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം | നികുതി ഒടുക്കിയ അർദ്ധവർഷം ജീവനക്കാരുടെ എണ്ണം |
|---|---|---|
| എസ്.ബി.ഐ. ചൊവ്വര | I | 6/II |
| നീതി മെഡിക്കൽസ്, ഉച്ചക്കട | II | 2/I |
| ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘം | II | 6/I |
| ബി.എസ്.എൻ.എൽ (പി.ജി.എം.റ്റി.) | I | 1/II |
| മാവേലി സ്റ്റോർ, പുന്നക്കുളം | I | 2/II |

മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെയും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/25.09.2023) വിശദീകരണം നൽകുകയോ, രേഖകൾ ലഭ്യമാക്കുകയോ ചെയ്തില്ല. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി നികുതി കുടിശ്ശിക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സി) ജീവനക്കാരുടെ വിശദാംശങ്ങൾ സ്ഥാപന മേധാവികളിൽ നിന്നും ആവശ്യപ്പെടുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 14, 16 പ്രകാരം സ്ഥാപന മേധാവികളിൽ നിന്നും എല്ലാ ജീവനക്കാരുടെയും ലിസ്റ്റും, ശമ്പള വിവരങ്ങളും ആവശ്യപ്പെടാവുന്നതാണ്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള തൊഴിൽനികുതി പത്രികകൾ പ്രകാരമുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ അപൂർണ്ണമാണ്.

എ) കൃഷി ഭവൻ കോട്ടുകാൽ ഒന്നാം അർദ്ധവർഷം 4 ജീവനക്കാരുടെയും, രണ്ടാം അർദ്ധവർഷം 3 ജീവനക്കാരുടെയും നികുതി ഒടുക്കിയിരിക്കുന്നു.

ബി) എസ്.ബി.ഐ. ഉച്ചക്കട 6 ജീവനക്കാർ മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. സെക്യൂരിറ്റി, മറ്റു താത്കാലിക ജീവനക്കാർ നികുതി ഒടുക്കിയിട്ടില്ല

പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/25.09.2023) മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാരുടെ തൊഴിൽ നികുതി സ്വീകരിക്കുമ്പോൾ സ്ഥാപനത്തിലെ ജീവനക്കാരെല്ലാവരും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് നേടി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല. ഉദാഹരണങ്ങൾ ചുവടെ.

| സ്ഥാപനത്തിന്റെ പേര് |
|---|
| സൺതാര ആയുർവേദിക് സെന്റർ, റസ്റ്റാറന്റ് ബീച്ച് റിസോർട്ട് |
| ഐഡിയൽ റസ്റ്റാറന്റ്, റിസോർട്ട്, പഞ്ചകർമ്മ |
| RIBI S ഹെൽത്ത് കെയർ പ്രൈവറ്റ് ലി.<br>ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ |
| ആനന്ദ ലക്ഷ്മി ആയുർവേദിക് റിട്രീറ്റ്, റസ്റ്റാറന്റ്, റിസോർട്ട് |
| ഷിൻശിവ ആയുർവേദിക് റിസോർട്ട് റസ്റ്റാറന്റ്, ഹോസ്പിറ്റൽ |
| മണൽതീരം ആയുർവേദ ഷോപ്പ്, ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, റിസോർട്ട്, |

| |
|---|
| ഹോസ്പിറ്റൽ സ്റ്റോർ, റസ്റ്റാറന്റ് |
| റിയാസ് അഹമ്മദ് ഹോട്ടൽ& ലോഡ്ജിംഗ്, & മസാജിംഗ് സെന്റർ |
| ജോയ് ദ ബീച്ച് റിസോർട്ട് & റസ്റ്റാറന്റ് |
| ആയുർബർത്ത് ഹീലിംഗ് റസ്റ്റാറന്റ്, റിസോർട്ട്, ഹോസ്പിറ്റൽ, ഗസ്റ്റ് അമിനിറ്റീസ് ഷോപ്പ് |

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടി പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങൾ ലൈസൻസ് ഫീയോടൊപ്പം സ്ഥാപനത്തിനുള്ള തൊഴിൽ നികുതി ഒടുക്കുന്നുണ്ടെങ്കിലും, സ്ഥാപന ഉടമ, സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെയും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/25.09.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഇ) സ്വകാര്യ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ സേവനം ചെയ്ത അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതാണെങ്കിലും ഇപ്രകാരം ഡിമാന്റ് നോട്ടീസ് നല്കി നികുതി ഈടാക്കിയില്ല. മേലുള്ളവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/25.09.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തൊഴിലിലേർപ്പെടുന്ന എല്ലാ സ്വകാര്യ പൊഫഷണലുകളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി സ്വീകരിക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 267 സ്ഥാപനങ്ങൾ/സംരംഭകർക്കും, 2022-23 സാമ്പത്തിക വർഷത്തിൽ 252 സ്ഥാപനങ്ങൾ /സംരംഭകർക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1421 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുണ്ട്. ഹരിതകർമ്മസേനയുടെ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 874 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുമുണ്ട്. ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/25.09.2023) ഫീൽഡ് പരിശോധന നടത്തി സ്ഥാപന ഉടമകൾക്ക ലൈസൻസ് എടുക്കുന്നതിനുള്ള നോട്ടീസ് നൽകി വരുന്നതായി മറുപടി നൽകി. നടപടികൾ പൂർത്തിയാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

എ) ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റിസോർട്ടുകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തു ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന ഏതാനും റിസോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് |
|---|
| ഉദയസൂര്യ |
| നിർവാണ |
| ക്ലിഫ് വ്യൂ |

(അവലംബം – ഹരിതകർമ്മസേനയുടെ റിപ്പോർട്ട്)

മേൽ സ്ഥാപനങ്ങൾക്കു അടിയന്തിരമായി ലൈസൻസ് എടുക്കുന്നതിനും, തൊഴിൽ നികുതി ഒടുക്കുന്നതിനും നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിക്കുകയുണ്ടായി.

ബി) ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന റേഷൻ സ്ഥാപനങ്ങൾ .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും

തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ എന്നിവയുടെ നടത്തിപ്പിന് ലൈസൻസ് അനിവാര്യമാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ റേഷൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 മാർക്കറ്റ് ലേലം ചെയ്തതിൽ 28500/- രൂപ ലഭിക്കുവാനവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അവണാകുഴി മാർക്കറ്റ് ശ്രീ. അഭിനന്ദ് ആരോമൽ 28500/- രൂപയ്ക്ക് ലേലത്തിൽ സ്വീകരിച്ചിരുന്നു. എന്നാൽ ടിയാൾ ലേല തുക ഒടുക്കിയില്ല. ടിയാൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കി കരാർ ചമച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും, കരാർ യഥാവിധി ചമച്ചിട്ടില്ല. വ്യവസ്ഥകൾ ഒന്നും രേഖപ്പെടുത്താത്ത മുദ്രപത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. കുടിശ്ശിക തുക ഈടാക്കുന്നതിനു സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/26.09.2023) ലേലതുക ഈടാക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നതായി അറയിച്ചുവെങ്കിലും ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. ലേലക്കാരനിൽ നിന്നും കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ലേല രജിസ്റ്റർ പ്രകാരം 21,600/- രൂപ മാർക്കറ്റ് ലേലം കുടിശ്ശികയിനത്തിലും ലഭിക്കുവാനുണ്ട്. പ്രസ്തുത തുക 2021-22 വർഷത്തെ കുടിശ്ശികയാണെന്നും, തുക ഈടാക്കുന്നതിലേക്കായി ആർ.ആർ. ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ വാടകക്കു നൽകിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന് അവണക്കുഴിയിൽ 2 കടമുറികളും, ഉച്ചക്കട ഷോപ്പിംഗ് കോംപ്ലക്സിൽ 6 കടമുറികളും, ഉച്ചക്കട മാർക്കറ്റിൽ 8 സ്റ്റാളുകളും ഉള്ളതായി അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മുൻവർഷം വാടകക്കു നൽകിയതിൽ നിന്നും 5% അധികം വാടക ഈടാക്കിയാണ് ഓരോ വർഷവും മുറികളും സ്റ്റാളുകളും വാടകക്കു നൽകുന്നത്.

കടമുറികൾക്ക് അടിസ്ഥാന വാടക നിരക്ക് നിശ്ചയിച്ചിട്ടില്ല. കടമുറികളുടെ അടിസ്ഥാന വാടക അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം നിശ്ചയിച്ച് അതിന്മേൽ ലേലം ചെയ്ത് കടമുറികൾ വാടകക്ക് നൽകുന്നത് പരിശോധിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ പ്രകാരം 31.03.2023 ലെ ആകെ വാടക കുടിശ്ശിക (തന്നാണ്ട് + അരിയർ) 2,39,337/- രൂപയാണ്. വാടക കുടിശ്ശികയിൽ 1,28,244/- രൂപ 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ളതായി ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/26.09.2023) ന് മറുപടി നൽകി. അവശേഷിക്കുന്ന 1,11,093/- ഏതൊക്കെ വാടകക്കാരിൽ നിന്നും ലഭിക്കുവാനുള്ളതാണെന്നു വ്യക്തമാക്കിയില്ല. വിശദാംശങ്ങളും കുടിശ്ശിക ഈടാക്കി രേഖകളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-24 ഇ ടെൻഡർ ഫീ തുകകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ലഭ്യമായിട്ടുള്ളതിന്റെയും, ടി തുക വരവായി ലഭിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായും, ടി തുകകൾ ഗ്രാമ പഞ്ചായത്തിന്റെ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലാണോ ലഭ്യമായിട്ടുള്ളത് എന്നുള്ള വിവരവും അല്ലായെങ്കിൽ ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.- 38, തീയതി : 4.10.2023) നൽകിയിരുന്നു.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകി ടി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ശരിയായ സ്പെസിഫിക്കേൻ നൽകി പ്രവൃത്തി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം 66/22-23, ടേക്ക് എ ബ്രേക്ക് കംപ്ലീഷൻ പ്രോജക്റ്റ്

സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം., പേര് | പ്രോജക്റ്റ് നം. 66/22-23, ടേക്ക് എ ബ്രേക്ക് കംപ്ലീഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | അഭിഷേക് |
| എം ബുക്ക് നം. | ഇ എം ബുക്ക് നം. 8/22-23/KTL |
| ക്വാട്ട് ചെയ്ത തുക | 0.01 % Below/-, Cost Index 35.59% |
| ഫണ്ട് | CFC- 4,90,000 |
| ചെലവ് | 461776/- |
| ബിൽ നം. | 2,64,328/- 395/21.03.2023<br>1,97,448/- 186/25.11.2022 |

ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഐറ്റം 11 ൽ Gate, Hand Rail, Window Opening എന്നീ പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് DAR 10.16.1 എന്ന ഇനമാണ് നൽകിയിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 64.048 Kg മെറ്റീരിയൽ ഉപയോഗിച്ച് ഇതേ സ്പെസിഫിക്കേഷൻ പ്രകാരം ജോലികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ എം ബുക്കിൽ മെറ്റീരിയൽ അളവ് പറയുന്നുണ്ടെങ്കിലും എന്ത് പ്രവർത്തിയാണ് ചെയ്തതെന്ന് രേഖപ്പെടുത്തി കാണുന്നില്ല. Gate പോലുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് DAR 10.25.2 പോലുള്ള ഇനങ്ങൾ ലഭ്യമാണ്. DAR 10.16.1 പ്രകാരം നടത്തിയ പ്രവർത്തികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 22 , തീയതി : 29.9.2023,) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പ്രവർത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം ഏതൊക്കെ ജോലികളാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും, ആയവയ്ക്ക് റൂഫിംഗ് സംബന്ധിയായDAR 10.16 Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.)…. എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണോ നൽകേണ്ടതെന്നും, ഇല്ലെങ്കിൽ ആയതിനുള്ള കാരണം എന്നിവ വിശദീകരിക്കേണ്ടതാണ്.

## 1-26 കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയില്ല- 3762/- രൂപ അടവാക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറിനിർവ്വഹണം നടത്തിയ 18/22-23, ബഡ്സ് സ്കൂൾ വേതനം എന്ന് പ്രോജക്റ്റിൽ ബഡ്സ് സ്കൂളിലേക്ക് കരാറെടുത്ത വാഹനത്തിന് വാടകയിനത്തിൽ പ്രതിഫലം നൽകുന്ന തുകയിൽ നിന്നും TDS ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കിയതായി കാണുന്നില്ല. പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം | 18/22-23, ബഡ്സ് സ്കൂൾ വേതനം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 8,30,000 |
| ചെലവ് | 5,98,798 |
| ബിൽ നം. | 53/22.7.22,111482, 59/22.8.22, 70813, 73/12.9.22, 23000, 105/27.9.22, 45228, 193/1.12.22,58909, 208/7.12.22, 37472, 249/9.1.23, 56437, 467/28.3.23, 140959, 138/15.10.22, 54498 |

Rate And Amount For Deduction Of TDS For Car Hire Charges Under Section 194C Of The Income Tax Act, 1961, പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്.ടി പ്രോജക്റ്റിൽ വാഹന വാടക ഇനത്തിൽ കരാറുകാരന് 3,76,198/- രൂപ അനുവദിച്ചിട്ടുണ്ട് എന്നാൽ ഇവിടെ കരാറുകാരനിൽ നിന്നും ടി തുക ഈടാക്കിയതായി കാണുന്നില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 23, തീയതി : 29.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ കരാറുകാരന് അനുവദിച്ച 3,76,198/- രൂപയുടെ 1% തുകയായ 3,762/- രൂപ അടവാക്കേണ്ടതാണ്.

## 1-27 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. 20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി.അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കൈയൊഴിയുന്നതിനും ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ,വാർഷിക റിവ്യൂ എന്നിവ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും, അസറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുന്നതിനുമായി 29.9.2023 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-24 നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെന്നും, അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ടെന്നും, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ടെന്നും ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

## 1-28 എസ്.എസ്,കെ വിഹിതം നൽകൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച് സ.ഉ(കൈ)നം: 84/20222/ത.സ്വ.ഭ.വ തിയതി: 19/04/2022 ഖണ്ഡിക 8.6.4 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേസസ്വയംഭരണ സ്ഥാപന വിഹിതവും ചേർത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ ഉൾപ്പെടെയുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പുവരുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗസാക്ഷ്യപത്രം കൃത്യമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു നൽകണം. ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ, യ്ക്ക് നൽകേണ്ട വിഹിതം എത്രയാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കണം. തൻ വർഷം പഞ്ചായത്ത് ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ബിൽ നമ്പർ (സാംഖ്യ പ്രകാരം) | തീയതി | ചെലവ് തുക | തുക നൽകിയത് |
|---|---|---|---|---|
| 158/23എസ്.എസ്.കെ വിഹിതം നൽകൽ (SCPഫണ്ട്) | 22020452012500546342 | 16/09/2022 | 5,00,000 | ബി.ആർ.സി ബാലരാമപുരം |
| 159/23 എസ്.എസ്.കെ വിഹിതം നൽകൽ (ജനറൽ ഫണ്ട്) | 22020452012500546344 | 16/09/2022 | 3,00,000 | ബി.ആർ.സി ബാലരാമപുരം |
| ആകെ | | | 800,000/- | |

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ നിന്നും എസ്.എസ്.കെ വിഹിതം നൽകിയതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോയെന്നും തുക ആവശ്യപ്പെട്ടുകൊണ്ട് ബി,ആർ.സി നൽകിയ കത്തും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25 തീയതി 29/09/23) മറുപടിയും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല. ഇത്തരം പദ്ധതികളിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു ശ്രദ്ധിക്കേണ്ടതും അനുബന്ധ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 1383034/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം | ബിൽ നമ്പർ (സാംഖ്യ ബിൽ പ്രകാരം) | തിയതി | തുക | തുക നൽകിയത് |
|---|---|---|---|---|---|
| 1 | 133/23 ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിരനിർമാണം വിഹിതം നൽകൽ | 2202045201250054635O | 16/09/2022 | 350,000 | ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സൺ & മെമ്പർ സെക്രട്ടറി |
| 2 | 158/23എസ്.എസ്.കെ വിഹിതം നൽകൽ (SCPഫണ്ട്) | 22020452012500546342 | 16/09/2022 | 5,00,000 | ബി.ആർ.സി ബാലരാമപുരം |
| 3 | 159/23 എസ്.എസ്.കെ വിഹിതം നൽകൽ (ജനറൽ ഫണ്ട്) | 22020452012500546344 | 16/09/2022 | 3,00,000 | ബി.ആർ.സി ബാലരാമപുരം |
| 4 | 110/23 ഐ.കെ.എം വിഹിതം നൽകൽ | 22020452012500546339 | 16/09/2022 | 1,22,838 | ഐ.കെ.എം |
| 5 | 254/23അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവ് | XVFC 2022-23/P/57 (CFC Grant Voucher No:) | 26/03/2023 | 25000 | ശുചിത്വമിഷൻ |
| 6 | 206/23ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് ഷിഫ്റ്റിംഗും | XVFC 2022-23/P/58<br>XVFC/2022-23/P/61 | 26/03/23 | 85196 | കെ.എസ്.ഇ.ബി കോട്ടുകാൽ & കാഞ്ഞിരംകുളം |
| ആകെ | | | | 1383034/- | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 14 തിയതി 26/09/23) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനു ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകി. ആയതിനാൽ ചെലവു തുകയായ 1113,034/- തടസ്സപ്പെടുത്തുന്നു, വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-30 വാട്ടർ അതോരിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക ചെലവു ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് വർക്കിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള തുകയിൽ നിന്നും 679201/- രൂപ റീഫണ്ട് ഇനത്തിൽ ലഭ്യമായിട്ടുണ്ട്. (ചെക്ക് നം: 726668; 03/06/2022) . പ്രസ്തുത തുക ഏതൊക്കെ പ്രോജക്ടുനാണ് നൽകിയിരുന്നത്, ഉപയോഗിച്ച ഫണ്ടിനം, വിനിയോഗ സാക്ഷ്യപത്രം തുടങ്ങിയവയുടെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:20, 29/09/23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ചെലവഴിച്ചിരുന്ന പ്രോജക്ട് ,ഫണ്ടിനം എന്നിവ കണ്ടെത്തി തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതാണെങ്കിൽ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്കും മറ്റു ഫണ്ടിനങ്ങളാണെങ്കിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായ അക്കൗണ്ടിലേക്കും ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-31 ബാങ്ക് ബുക്കിൽ യഥാസമയം ആവശ്യമായ രേഖപ്പെടുത്തലുകൾ നൽകുന്നില്ല

2011 ലെ കേരള പഞ്ചായത്തുരാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 6 ൽ ബാങ്ക് /ട്രഷറി നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തൽ പ്രതിപാദിച്ചിട്ടുണ്ട്. ബാങ്ക് ബുക്കിലെ നീക്കിയിരുപ്പുകൾ ഓരോ മാസവും അവസാനം ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയായാൽ അടുത്തമാസം 5-ാം തിയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഓരോ മാസവും ബാങ്ക് അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

ഉദാഹരണമായി തനതു ഫണ്ട് അക്കൗണ്ടിന്റെ ഫെബ്രുവരി 2023 ലെ ബാങ്ക് റിക്കൺസിലിയേഷൻ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Bank Book | | 8,212,920.00 |
| Cheque Issued But Not Presented Into Bank (P) | 6,007,318.00 | |
| Directly Credited By Bank | 4,563,020.00 | |
| Cash Or Cheque Withdrawal | 26,363.00 | |
| *Less* | | |
| *Cheque Deposited But Not Cleared* | 1,172,004.00 | |
| *Directly Debited By Bank* | 5,884,462.00 | |
| *Cash Or Cheque Deposited* | 382,904.00 | |
| *Passbook Balance* | | 11,370,251.00 |
| | | |

Cheque Issued But Not Presented Into Bank (P) പ്രകാരമുള്ള തുകയുടെ വിശദാംശം പരിശോധിച്ചാൽ (മുകളിൽ സൂചിപ്പിച്ചിട്ടുള്ളതിൽ ഓരോ ഇനത്തിലും രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ) ഏപ്രിൽ 2022 മുതൽ ഫെബ്രുവരി 2022 വരെയുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ മാസാവസാനവും ബാങ്ക് പാസ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ഒത്തുനോക്കി ആവശ്യമായ രേഖപ്പെടുത്തൽ നൽകുന്നില്ല. ആയതിനാലാണ് ഇത്തരത്തിൽ മാസാന്ത്യ റിക്കൺസിലിയേഷൻ ILGMS ൽ ഇപ്രകാരം പ്രതിഫലിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം:33 തിയതി: 3/10/23) മറുപടി ലഭ്യമാക്കിയില്ല. ഓരോ മാസാവസാനവും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് പേയ്മെന്റ് വൗച്ചറുകൾ , തുകയുടെ നിക്ഷേപം എന്നിവ രേഖപ്പെടുത്തലുകൾ നൽകി റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-32 തനതുഫണ്ട് തുക ചെലവഴിച്ചശേഷം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു

തനതു ഫണ്ട് അക്കൗണ്ടിലെ ചെലവുകൾ ഫയൽ പ്രകാരമുള്ള രേഖപ്പെടുത്തലുകളും ബാങ്ക് ബുക്ക് രേഖപ്പെടുത്തലുകളും നടത്താതെ തുക ചെലവഴിച്ചശേഷം അക്കൗണ്ടിൽ ബുക്ക് ചെയ്തിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു . ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് നമ്പർ 14118 ഉപയോഗിച്ച് 02/04/22ൽ 353820/- രൂപ NEFT മുഖാന്തിരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ ചെലവു ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെ പ്രസ്താവിക്കുംവിധമാണ്.

| തിയതി | വൗച്ചർ നം : | തുക |
|---|---|---|
| 09/05/2022 | 22200008 | 3750 |
| | 22200009 | 3750 |
| | 22200002 | 10500 |
| | 22200004 | 39800 |
| | 22200010 | 14200 |
| 08/06/22 | 22200018 | 130620 |
| | 22200021 | 27600 |
| | 22200020 | 11600 |
| | 22200019 | 112000 |

പേയ്മെന്റ് ഓർഡറും മറ്റ് നടപടി ക്രമങ്ങളും പൂർത്തിയാകാതെ തുക ഇത്തരത്തിൽ ചെലവഴിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:36 തിയതി:04/10/23) ILGMS ആരംഭിച്ച കാലയളവിൽ ആവശ്യമായ എൻട്രി നടത്താൻ അറിയാത്തതിനാലാണ് ഇത്തരത്തിൽ തുക ചെലവഴിച്ചതിനുശേഷം എൻട്രി നൽകിയിട്ടുള്ളത് എന്നാണ് മറുപടി നൽകിയത്. പേയ്മെന്റ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ അതാത് സമയം ILGMS ൽ നൽകുന്നതിനും ആയതിനനുസൃതമായി തുക ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ബഡ്സ് സ്കൂൾ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - വ്യക്തമായ ആസൂത്രണമില്ലാതെ

നടപ്പിലാക്കി

പ്രോജക്റ്റ് നം : 46/23

ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

ചെലവ് : 12,50,000/-

നിർവഹണം - സെക്രട്ടറി

ബഡ്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീ മുഖാന്തിരം ലഭ്യമായ 1250,000/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ജില്ലാ കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ചാണ് പദ്ധതി നിർവഹിച്ചിരിക്കുന്നത്. 22/02/2018 ലെ സ.ഉ(എം.എസ്)നം:25/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ തുക ചെലവഴിക്കുന്നതു സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായ 1250,000/- രൂപ ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ജില്ലാമിഷന് ലഭിക്കുന്ന മുറയ്ക്ക് രണ്ടാമത്തെ ഗഡു തുക അനുവദിക്കുമെന്നാണ് ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളത് 2021-22 ൽ നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്ന പ്രോജക്ടാണ് സ്പിൽ ഓവർ പ്രോജക്ടായി തൻ വർഷം നടപ്പിലാക്കിയിട്ടുള്ളത്. 07/01/2022 ലെ കമ്മിറ്റിയുടെ 1/5 നമ്പർ തീരുമാനം പ്രോജക്റ്റ് നിർവഹണത്തിനായി സ്മാർട്ട്ക്ലാസ്റൂം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള വർക്ക് ഓർഡർ കാഡ്കോയ്ക്ക് (കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) നൽകാൻ തീരുമാനിച്ചു. 27/01/2022 ന് പദ്ധതി നിർവഹണം അടിയന്തിരമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് കാഡ്കോയുമായി കരാറിലേർപ്പെട്ടു. കുടുംബശ്രീ മുഖാന്തിരം ലഭ്യമായ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നൽകണമെന്നും അല്ലെങ്കിൽ തുക തിരികെ അടവാക്കണമെന്നും കുടുംബശ്രീ കത്തുമുഖാന്തിരം ആവശ്യപ്പെട്ടപ്പോഴാണ് അടിയന്തിരമായി പ്രോജക്റ്റ് നിർവഹിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. അതിനാലാണ് നിർവഹണം കാഡ്കോ യെ ഏൽപ്പിച്ചിരിക്കുന്നത്. കാഡ്കോ സ്വന്തമായി നിർമാണം നടത്തുന്ന സാധനങ്ങൾ മാത്രം കാഡ്കോയിൽ നിന്നും വാങ്ങാമായിരുന്നു. ഇലക്ട്രോണിക്സ് ഉപകരണങ്ങളും, മറ്റുള്ളവയും ഇപ്രകാരം നിർമാതാക്കളിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്യാമായിരുന്നു. എന്നാൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ കാഡ്കോയിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ബഡ്സ് സ്കൂളിന് ആവശ്യമായ സാധനങ്ങൾ എന്തൊക്കെയാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസറോ , ബഡ്സ് സ്കൂൾ ടീച്ചറോ തയ്യാറാക്കി നൽകിയിട്ടില്ല.

LCD Projector, മ്യൂസിക് സിസ്റ്റം, പ്രൊജക്ടർ ഇൻസ്റ്റലേഷൻ ചാർജ് ,കെട്ടിടം മുഴുവൻ(1000sqft) ആവശ്യമായ ഇലക്ട്രിഫിക്കേഷൻ & പവർ വയറിംഗ്, സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കുക (200sqft), പ്ലംബിംഗ്, ആവശ്യമായ പാത്രങ്ങൾ വാങ്ങുക, മേശ, കസേര , ഫ്രണ്ട് റാംപ് മെയിന്റനൻസ്, കംപ്യൂട്ടർ സിസ്റ്റംസ് വിത്ത് യു.പി.എസ്, ആർട്ട് വാൾ പെയിന്റ്,(800 Sqft), പെയിന്റിംഗ് (18sqft) തുടങ്ങിയവ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് KADCO യെ ചുമതലപ്പെടുത്തി പ്രോജക്റ്റ് നടപ്പിലാക്കി.

04/10/2023 ൽ ഓഡിറ്റിന്റെ ഭാഗമായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) എൽ.സി.ഡി പ്രൊജക്ടറും ഇന്ററാക്ടീവ് വൈറ്റ് ബോർഡും (136,700/- രൂപ) സ്ഥാപിച്ചിട്ടുണ്ടെങ്കിലും ശരിയായ കേബിൾ കണക്ഷൻ കൊടുക്കാത്തതിനാൽ നിലവിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. KADCO യ്ക്ക് ഇൻസ്റ്റലേഷൻ ചാർജിനത്തിൽ 4100/- രൂപ നൽകിയിട്ടുണ്ട്.

2) സീലിംഗ് ഫാൻ 6 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നില്ല. മറ്റ് നാലെണ്ണം ഒരിക്കൽ കേടായതായും ആയത് മെയിന്റനൻസ് ചെയ്തിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു.

3) മ്യൂസിക് സിസ്റ്റം (17,500/-) വാങ്ങിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറിനോടൊപ്പമുള്ള രണ്ട് ചെറിയ സ്പീക്കർ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ആംപ്ലിഫയർ, CD Player AM/FM Tuner തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ ഉണ്ടായിരുന്നില്ല.

4)സ്റ്റീൽ ചരുവം (12 @2220= 26640/-), വാക്വം ക്ലീനർ (15,000/-) നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

5) പ്രിന്റർ വിത്ത് മൾട്ടിപർപ്പസ് സ്കാനർ(17500/-), വാട്ടർ പ്യൂരിഫയർ (17110/-), റഫ്രിജറേറ്റർ (28212/-രൂപ) എന്നിവ നിലവിൽ പ്രവർത്തിക്കുന്നില്ല.

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ബഡ്സ് സ്കൂളിന് ആവശ്യമായ വസ്തുക്കളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ? ഇതു സംബന്ധിച്ച ലിസ്റ്റ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, ബഡ്സ് സ്കൂൾ ടീച്ചർ എന്നിവരിൽ നിന്നും വാങ്ങിയിട്ടുണ്ടോ? KADCO യുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ? വാങ്ങിയ സാധനങ്ങൾ പലതും വാറണ്ടി കാലയളവിനുള്ളിൽ പ്രവർത്തനരഹിതമായിരിക്കുന്നു. ആയത് പ്രവർത്തനക്ഷമമാക്കാൻ KADCO യ്ക്ക് കത്ത് നൽകിയിട്ടുണ്ടോ? എന്നിവ സംബന്ധിച്ച രേഖകൾ/വിശദീകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (നം:39,തിയതി:04/10/2023) ഗുണമേന്മ കുറഞ്ഞ സാധനങ്ങളായതിനാലാണ് ഇലക്ട്രോണിക് ഉപകരണങ്ങൾ പലതും ഒരു വർഷത്തിനുള്ളിൽ ഇപ്രകാരം കേടായിരിക്കുന്നത്. ഉപകരണങ്ങൾ കേടായവ സംബന്ധിച്ച

വിവരം കാഡ്കോയുടെ ശ്രദ്ധയിൽപ്പെടുത്തി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വാങ്ങിയ പല സാധനങ്ങളും നാളിതുവരെ ഉപയോഗിക്കാതെ സൂക്ഷിക്കേണ്ടി വരുന്നത് ബഡ്സ് സ്കൂളിന്റെ ആവശ്യങ്ങൾ നിർണയിച്ച് ആയതിനനുസൃതമായി വാങ്ങാത്തതിനാലാണ്. പ്രൊജക്ടറും ഇന്ററാക്ടീവ് ബോർഡും പ്രവർത്തനക്ഷമമാക്കി ആയത് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ബഡ്സ് സ്കൂൾ അധ്യാപകർക്ക് നൽകുന്നത് ഉചിതമായിരിക്കും. പദ്ധതികൾ നടപ്പിലാക്കുമ്പോൾ വ്യക്തമായ ആസൂത്രണത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് വ്യക്തമായ സാധൂകരണം ലഭ്യമാകാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-34 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 21/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200,000/-

ചെലവ് - 200,000/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നമ്പർ തീയതി - 01/22-23 , 17.11.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ.

2022-23 സുലേഖ ചെലവ് പത്രിക പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ(21/23) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് ലക്ഷം രൂപ ഹോമ്കോ യ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ 79680/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 120320/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/26.9.2023) 84946/- രൂപയുടെ മരുന്നുകൾ Ready For Despatch ആണെന്നും ഒരാഴ്ച്ചക്കുള്ളിൽ തന്നെ അവ സ്ഥാപനത്തിൽ എത്തിച്ചു തരുമെന്ന് ഹോംകൊ ഉറപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ലഭ്യമാകാനുള്ള മരുന്നുകൾ ലഭ്യമായാലുടൻ തന്നെ ആയവ സ്റ്റോക്കിലെടുത്ത് ബില്ലുകളുടെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തുന്നതാണ്.

## 1-35 പാലിന് സബ്സിഡി - അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ - 160/23 ക്ഷീര സമൃദ്ധി പാലിന് ഇൻസെന്റീവ് നൽകൽ

അടങ്കൽ - 48600,00/-

വികസന ഫണ്ട് ജനറൽ - 1620000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 411570/-

ജില്ലാ പഞ്ചായത്ത് വിഹിതം - 400000/-

ആകെ ചെലവ് - 2431570/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ , തീയതി 28/5/2022 ) ഖണ്ഡിക 2.15.3.(ii) പ്രകാരം മൃഗസംരക്ഷണം, ക്ഷീര വികസനം, മൽസ്യം എന്നീ മേഖലകളിലെ ഉൽപാദക പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്.

കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിലെ ക്ഷീര സമൃദ്ധി പാലിന് ഇൻസെന്റീവ് നൽകൽ (160/23) എന്ന പദ്ധതി പ്രകാരം ശ്രീ മധു ലാൽ ഡി.എസ് , മയൂരം, നെല്ലിമൂട് എന്ന ഗുണഭോക്താവിന് 7370/-രൂപ നൽകിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 675384/- രൂപയാണ്. (1/12/2022 തീയതിയിലെ വരുമാന സർട്ടിഫിക്കറ്റ് നം.73396305 ). പദ്ധതി ആനുകൂല്യത്തിന് അർഹതയില്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/26.09.2023), വരുമാന പരിധി പരിഗണിക്കാതെ ടിയാന് നൽകിയ 7370/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കിയ രസീത് (E-Chellan No: KL019958286202324E, Dt: 30/9/2023)ഹാജരാക്കി.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ആർദ്രം പദ്ധതി - അഞ്ചിലധികം ജീവനക്കാരുടെ നിയമനം നടത്തി, 1168347/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -19/23 ആർദ്രം പഞ്ചായത്ത് ജീവനക്കാരുടെ വേതനം.

അടങ്കൽ - 1290247/-

വികസന ഫണ്ട് ജനറൽ - 1168347/-

ആകെ ചെലവ് - 1168347/-

ട്രഷറി ബിൽ റഫ. നം. 22020452010500135759/30.5.2022 – Rs. 117350/-

ട്രഷറി ബിൽ റഫ. നം. 22020452010500139245/3.6.2022 – Rs. 119000/-

ട്രഷറി ബിൽ റഫ. നം. 22020452010500292899/13.7.2022 – Rs. 117300/-

ട്രഷറി ബിൽ റഫ. നം. 22020452010500503078/3.9.2022 – Rs. 86032/-

ട്രഷറി ബിൽ റഫ. നം. 22020452010500393485/8.8.2022 – Rs. 97288/-

ട്രഷറി ബിൽ റഫ. നം. 22020452010500616535/10.10.2022 – Rs. 96883/-

ട്രഷറി ബിൽ റഫ. നം. 22020452010500739445/7.11.2022 – Rs. 80645/-

ട്രഷറി ബിൽ റഫ. നം. 22020452010500855038/6.12.2022 – Rs. 1366/-

ട്രഷറി ബിൽ റഫ. നം. 22020452010500855029/6.12.2022 – Rs. 100733/-

ട്രഷറി ബിൽ റഫ. നം. 22020452010500996476/6.1.2023 – Rs. 116650/-

ട്രഷറി ബിൽ റഫ. നം. 22020452010501129645/3.2.2023 – Rs. 118400/-

ട്രഷറി ബിൽ റഫ. നം. 22020452010501510446/28.3.2023 – Rs. 116700/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ- പി.എച്ച്.സി/സി.എച്ച്.സി.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ , തീയതി 28/5/2022 ) ഖണ്ഡിക 7.6.1, 7.6.2 എന്നിവ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ലഭ്യമാക്കുന്നതിലേക്കായി ഒരു ഡോക്ടറേയും, പാരാമെഡിക്കൽ സ്റ്റാഫിനേയും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും , അവർക്ക് വേതനം നൽകുന്നതിൽ തടസ്സം ഉണ്ടാകാതിരിക്കാൻ വികസന ഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കാവുന്നതുമാണ്. മേൽ ജീവനക്കാരുടെ നിയമനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉള്ള സമിതി ഇന്റർവ്യൂ നടത്തി നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടിക്രമം പാലിക്കാൻ സാധിക്കാത്തപക്ഷം നിയമനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ബന്ധപ്പെട്ട രേഖകളുൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്ത് സാധൂകരണം വാങ്ങേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ നിയമനത്തിന് ഇപ്രകാരം സാധൂകരണം വാങ്ങിയിട്ടില്ല.
കോട്ടുകാൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സുമാർ, ഒരു ഇ.സി.ജി ടെക്നീഷ്യൻ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ലാബ് അറ്റൻഡർ എന്നിവരെ ഗ്രാമപഞ്ചായത്ത് നിയമിച്ച് ആർദ്രം പഞ്ചായത്ത് ജീവനക്കാരുടെ വേതനം (നം. S0019/23) എന്ന പദ്ധതിയിലൂടെ വേതനം നൽകുന്നതിനായി ചെലവ് ചെയ്തിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ നിയമനം നടത്തേണ്ടതുണ്ടെങ്കിൽ കോ ഓഡിനേഷൻ കമ്മിറ്റിയുടെ അനുവാദം വാങ്ങേണ്ടതുണ്ടെങ്കിലും, അധിക ജീവനക്കാരെ നിയമിക്കുന്നതിന് കോ-ഓഡിനേഷൻ കമ്മിറ്റിയുടെ അനുവാദവും വാങ്ങിയിട്ടില്ല. മുൻ സാമ്പത്തിക വർഷങ്ങളിൽ നിയമിക്കപ്പെട്ട മേൽ ജീവനക്കാരുടെ നിയമന കാലയളവ് ഭരണസമിതി വിവിധ തീരുമാനങ്ങളിലൂടെ കാലാകാലങ്ങളിൽ നീട്ടി നൽകുകയും ചെയ്തിരിക്കുന്നു.

മേൽ പ്രകാരം നിയമിക്കപ്പെട്ടതിൽ സ്റ്റാഫ് നഴ്സുമാരുടെ നിയമന ഫയൽ മാത്രമാണ് ഓഡിറ്റ് പരിശോധനക്കു ലഭ്യമായത്. മറ്റു ജീവനക്കാരുടെ നിയമന രേഖകൾ പരിശോധനക്കു ലഭ്യമാക്കിയില്ല. മേൽ പ്രകാരമുള്ള ജീവനക്കാർ നിയമനം സ്വീകരിക്കുന്നതിനു മുൻപായി നിർവഹണാധികാരിയുമായോ, തദ്ദേശ സ്ഥാപനവുമായോ കരാറിലേർപ്പെട്ടതിനുള്ള രേഖകളും ലഭ്യമായില്ല. ആയതിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/27.92023) അധിക ജീവനക്കാരുടെ നിയമനം സർക്കാർ അംഗീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും, അംഗീകാരം ലഭിക്കാത്ത പക്ഷം തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ , തീയതി 28/5/2022 ) ഖണ്ഡിക8.6പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ലായെന്നും, ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പദ്ധതികൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലാ എന്നും വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(സാധാ)നം.1523/2023/തസ്വഭവ, തീയതി:26/7/2023 പ്രകാരം ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധിക ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടത്, പരിശോധനയുടെ അടിസ്ഥാനത്തിൽ അതാത് വകുപ്പുകളാണെന്നും ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ചുമതല അല്ലാ എന്നും വ്യക്തമാക്കിയിട്ടുമുണ്ട്.

ഈ കാരണങ്ങളാൽ കോട്ടുകാൽ കുടുംബാരോഗ്യകേന്ദ്രത്തിൽ സർക്കാർ അനുമതി ഇല്ലാതെ നിയമിച്ചിരിക്കുന്ന ജീവനക്കാർക്ക് മേൽ പദ്ധതിയിലൂടെ നൽകിയ വേതനം 1168347/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതായിരിക്കും. അല്ലാത്തപക്ഷം ടി തുക ഭരണസമിതി അംഗങ്ങളുടെയും, നിർവ്വഹണ ഉദ്യോഗസ്ഥൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുടെയും ബാധ്യതയാകുന്നതാണ്.

## 1-37 റോഡ് നിർമ്മാണവുമായി ബന്ധമില്ലാത്ത പ്രവർത്തികൾക്ക് അനുയോജ്യമായ സ്പെസിഫിക്കേഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം 68/22-23, മിനി ചെക്ക് ഡാം നിർമ്മാണം പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം 68/22-23, മിനി ചെക്ക് ഡാം നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ബീനാറാണി |
| എം ബുക്ക് നം | 36/22-23/KTL |
| ക്വാട്ട് ചെയ്ത തുക | 539689.05 |
| ഫണ്ട് | 980000/- CFC |
| ബിൽ നം | 410/27.3.2023, 583294/- |

ടി പ്രോജക്റ്റിൽ ചെക്ക് ഡാം നിർമ്മാനത്തിന് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് ജോലികൾ നിർവ്വഹിച്ചിട്ടുള്ളത്. CE, LSGD യുടെ 14.10.2016 തീയതിയിലെ DB3/6512(B)/2013/CE/LSGD നം സർക്കുലറിൽ ‘ Estimate For Building Work Shall Be Prepared As Per CPWD Data/ Specification And For Road Works Preferably Mord/Morth Data Specification Shall Be Adopted ‘ എന്ന് പറയുന്നു. ടി പ്രവർത്തിക്ക് റോഡ് നിർമ്മാണവുമായി ബന്ധമില്ലാതിരിക്കെ , പ്രസ്തുത Specification പ്രകാരം പ്രവർത്തി നിർവ്വഹിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 22 , തീയതി : 29.9.2023,) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ രീതിയിൽ പ്രവർത്തി നിർവ്വഹിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ റോഡ് നിർമ്മാണവുമായി ബന്ധമില്ലാത്ത ഇത്തരം പ്രവർത്തികൾക്ക് അനുയോജ്യമായ സ്പെസിഫിക്കേഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-38 കോൺക്രീറ്റ് പ്രവൃത്തിയിൽ ഫോംവർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകുന്നു- വിശദീകരണം ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം 243-Adimalathura Siluvamala Beach Road Drain Construction സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | Pro:No:243-Adimalathura Siluvamala Beach Road Drain Construction |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രാജേന്ദ്രൻ |
| എം ബുക്ക് നം | ഇ എം ബുക്ക് , LSGD/CELSGD/EST/90087/2022 |
| ക്വാട്ട് ചെയ്ത തുക | 793608, Cost Index 35.59% |
| ഫണ്ട് | CFC-12,00,000 |
| ബിൽ നം | 338/23.1.23, 808381/- |

ടി പ്രവൃത്തിയിൽ, 11.1.1.1. പ്രകാരം 20 X 1 X 1 (6 Nos) = 120 M3, 15 X 1 X 1 = 15 M3 അളവിൽ എസ്കവേഷൻ നടത്തുകയും ഇതേ നീളത്തിലും വീതിയിലും (20 X 1 X 0.1 (6 Nos) = 12 M3, 15 X 1 X 0.1 = 1.5 M3 ) 11.4.1.1 പ്രകാരം 10 Cm കനത്തിൽ Pcc Bed Concrete ചെയ്യുകയും ചെയ്തിട്ടുണ്ട്. Specification 11.4.1.1 ൽ ഫേം വർക്ക് ഉൾപ്പെടുന്നുണ്ടോ എന്നും , ഉണ്ടെങ്കിൽ എസ്കവേഷൻ ചെയ്ത അതേ അളവിൽ തന്നെ Bed Concrete ചെയ്യാനുള്ള സാഹചര്യവും, കൂടാതെ ടി പ്രവൃത്തിയിലെ സിമന്റ് കോൺക്രീറ്റിന് വേണ്ടിയുള്ള സ്ലാബ് ക്യൂബ് Strength പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി 28.1.23 ൽ P4/83/ae/lsgd/22-23 നം കത്ത് മുഖാന്തിരം ബാർട്ടൻഹിൽ എൻജിനീയറിംഗ് കോളേജിൽ നൽകിയതിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 22 , തീയതി : 29.9.2023,) മറുപടി ലഭ്യമാക്കിയിട്ടില്ല.

എസ്കവേഷൻ നടത്തിയ അതേ വീതിയിൽ കോൺക്രീറ്റ് നടത്തിയപ്പോൾ അതിന്റെ ഇരുവശത്തും നടത്തിയ ഫോംവർക്കിന്റെ അളവ് കുറക്കേണ്ടതാണ്. ടി സ്പെസിഫിക്കേഷനിൽ ഫോംവർക്ക് ഉൾപ്പെടുന്നുണ്ടെങ്കിൽ അതിന് ആനുപാതികമായ തുക കുറവ് വരുത്തേണ്ടതായിരുന്നു. അപ്രകാരം ചെയ്തതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ടി പ്രവൃത്തിയിലെ ബെഡ് കോൺക്രീറ്റിൽ ഫേംവർക്ക് ഉൾപ്പെടുന്നുണ്ടെങ്കിൽ ആയതിന്റെ തുക കുറവ് ചെയ്ത് തിരികെ ഈടാക്കിയ വിവരവും സ്ലാബ് ക്യൂബ് Strength പരിശോധിച്ച റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-39 സൈഡ് വാൾ ബെൽറ്റ് നിർമ്മാണത്തിൽ ഉയർന്ന അനുപാതം നൽകി- 2866/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 278/22-23, മണ്ണാകല്ല് ശിശുമന്ദിരം നവീകരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം 69/22-23, മണ്ണാകല്ല് ശിശുമന്ദിരം നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | രഞ്ജിത്ത്. ആർ സി |
| എം ബുക്ക് നം | എം ബുക്ക് നം 533/21-22/KTL |
| ക്വാട്ട് ചെയ്ത തുക | 0.01 % Below/-, Cost Index 35.59% |
| ഫണ്ട് | 4,93,000, MF(NR) |
| ബിൽ നം | 86/12.9.2022, 4,92,799/- |

ടി പ്രവർത്തിയിൽ സൈഡ് വാൾ നിർമ്മാണത്തിനു ശേഷം DSR Spec 5.1.2 പ്രകാരം 1:1.5:3 അനുപാതത്തിൽ ബെൽറ്റ് കോൺക്രീറ്റ് ( നിരക്ക് 9085.14/m3) ചെയ്തിട്ടുണ്ട്. Finance (Insp.Tech.Wing) Dept ന്റെ No. 87/2016, 18.1.1.2016 Circular ൽ ‘ PCC 1:3:6 Belt With Nominal Reinforcement Shall Be Provided After Every 2m Height Of DR Wall With 15cm Thickness. The Steel To Be Provided Is 8 Mm Bar 4 Nos (Two Nos Each At Top And Bottom) And 8 Mm Dia Stirrups 30 Cm C/c For Top Band ‘ എന്ന് പറയുന്നു. ടി പ്രവർത്തിയിൽ 1:1.5:3 എന്ന ഉയർന്ന അനുപാതത്തിൽ ബെൽറ്റ് നിർമ്മാണം നടത്തേണ്ടതിനെക്കുറിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ലാത്തതാകുന്നു. Mord സ്പെസിഫിക്കേഷൻ പ്രകാരം ചെയ്യുന്ന സൈഡ് വാൾ നിർമ്മാണത്തിൽ, 75.8.1.1 പ്രകാരം 1:2:4 അനുപാതത്തിലാണ് (നിരക്ക് 8296.75/m3 ) ബെൽറ്റ് നിർമ്മാണം നടത്തുന്നത് എന്നിരിക്കെ ടി പ്രവർത്തിയിൽ 1:1.5:3 എന്ന ഉയർന്ന അനുപാതത്തിൽ ബെൽറ്റ് നിർമ്മാണം നടത്തിയതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 22, തീയതി : 29.9.2023,) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇവിടെ DSR Spec 5.1.3 പ്രകാരം 1:2:4 അനുപാതം നൽകിയാൽ മതിയാകുന്നതാണ്. (DSR 5.1.3 നിരക്ക് 8588.5$m^3$)

നൽകിയ തുക 5.83 X 9085.14 = 52966.366

നൽകാവുന്ന തുക 5.83 X 8588.5 = 50070.955

അധികം നൽകിയ തുക = 2895/-

ടെൻഡർ കുറവ് (0.01%) = 2866/-

ടി തുക ഓഡിറ്റ് തടസപ്പെടുത്തുന്നു.വ്യക്തമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-40 ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല

സ.ഉ.(പി)നം. 177/2006/ധന തീയതി 12.04.2006 ഖണ്ഡിക 18 പ്രകാരം എല്ലാ ഇംപ്ലിമെന്റിംഗ് ഓഫീസർമാരും വകുപ്പുതല ഫണ്ടിന്റെയും, തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തി റ്റി. ആർ 7എ

മാതൃകയിൽ ക്യാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിർവഹണാധികാരിയായ ഹെഡ്മാസ്റ്റർ മേൽ പ്രകാരമുള്ള ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 27) ക്യാഷ് ബുക്ക് പരിപാലിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയെങ്കിലും, ആയത് മേൽ ഉത്തരവിൻ പ്രകാരമുള്ളതല്ല.

## 1-41 എൽ.പി. സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ - ടെണ്ടർ രേഖകൾ ലഭ്യമായില്ല

പ്രോ. നം. 89/23 ഗവ എൽ.പി. സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) പദ്ധതിയിലൂടെ 5,84,406/- രൂപ ചെലവ് ചെയ്ത് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എൽ.പി. സ്കൂളുകൾക്കായി കാഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്.

നേരിട്ടുള്ള നിർവഹണത്തിനാണ് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി ടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തി, പത്ര പരസ്യം നൽകിയതിനുള്ള രേഖകൾ ലഭ്യമായില്ല. കാഡ്കോ യിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനു പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധന നടത്തി, ഭരണസമിതി തീരുമാനം സ്വീകരിച്ചതിനുള്ള രേഖകളും ലഭ്യമായില്ല. വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27) ഗ്രാമപഞ്ചായത്തു മുഖാന്തിരം ഇ ടെണ്ടർ നടപടികളിലൂടെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് എന്നു നിർവഹണാധികാരി മറുപടി നൽകി. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരമുള്ള വാങ്ങലിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-42 സർക്കാർ നിർദ്ദേശം ലംഘിച്ച് പ്രഭാത ഭക്ഷണം ചെലവുകൾ നടത്തിയിരിക്കുന്നു.

എൽ.പി.,യു.പി. സ്കൂളുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഇത്തരം സ്കൂളുകളിലെ പ്രഭാത ഭക്ഷണം പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കാവുന്നതുമാണ്. സ.ഉ. (കൈ)നം. 84/2022/ തസ്വഭവ തീയതി 19.04.2022 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.8.3. പ്രകാരം ഹൈസ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന യു.പി. വിഭാഗം വരെയുള്ള കുട്ടികളുടെ പ്രഭാതഭക്ഷണത്തിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്താണ് ഏറ്റെടുക്കേണ്ടത് എന്നു സർക്കാർ വ്യക്തമാക്കിയിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രോ.നം. 88/23 എന്ന സ്പിൽ ഓവർ പദ്ധതിയിലൂടെയും, പ്രോ. നം. 182/23 എന്ന പദ്ധതിയിലൂടെയും വികസന ഫണ്ട് പൊതുവിഭാഗം ഉപയോഗിച്ച് 7,25,940/- രൂപ ചെലവിൽ 6 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയിട്ടുണ്ട്. ഇതിൽ ഗവ. വി.എച്ച്.എസ്.എസ്. കോട്ടുകാൽ എന്ന സ്കൂളിനോടനുബന്ധിച്ചുള്ള എൽ.പി.എസിലെ വിദ്യാർത്ഥികൾക്കു പ്രഭാത ഭക്ഷണം അനുവദിക്കുന്നതിലേക്കായി മാത്രം 4,55,258/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ചെലവു മേൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26) കോട്ടുകാൽ എൽ.പി.എസ്. നു പ്രഭാത ഭക്ഷണത്തിനായി പ്രത്യേക അനുമതി ലഭിച്ചതായി മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത അനുമതി രേഖകൾ ഓഡിറ്റ് പരിശോധനക്കു ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതിചെലവു നടത്തുന്നതു ക്രമമല്ല. മേൽ പ്രകാരം അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

| ഇനം | തുക |
|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് | 43,000/- |
| Advance To Implementing Officers | 221834 |

നിർവഹണോദ്യോഗസ്ഥർക്ക് ഏതിനത്തിൽ നൽകിയ തുകകളാണ് ക്രമീകരിക്കാൻ അവശേഷിക്കുന്നതെന്നതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:20 തിയതി:29/09/23) മറുപടി ലഭ്യമാക്കിയില്ല. ഫെസ്റ്റിവൽ അഡ്വാൻസ് മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം 30,000/- രൂപ ലഭ്യമാകാൻ അവശേഷിച്ചിരുന്നു. അഡ്വാൻസ് ഇനത്തിലെ തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | 0 | 240000 | ലൈഫ് ഭവന നിർമാണം (എസ്.സി) 177/23 | 240000 | 0 |
| | | 0 | 400000 | ലൈഫ് ഭവന നിർമാണം (എസ്.സി) അഡിഷണൽ ലിസ്റ്റ് 35/23 | 400000 | 0 |
| | | 0 | 534375 | സ്നേഹസ്പർശം167/23 | 534375 | |
| | | 0 | 800000 | ലൈഫ് ഭവന നിർമാണം ഫിഷറീസ് 44/23 | 800000 | |
| | | 0 | 411570 | ക്ഷീരസമൃദ്ധി 160/23 | 411570 | |
| ആകെ | | 0 | 2385945 | | 2385945 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | | 49000 | ഹരിതഭവനം 150/23 | 49000 | |
| | | | 1000000 | ലൈഫ് ഭവന നിർമാണം (എസ്.സി) അഡിഷണൽ ലിസ്റ്റ് 35/23 | 1000000 | |
| | | | 534375 | സ്നേഹസ്പർശം167/23 | 534375 | |
| | | | 400000 | ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം (ലൈഫ്) രണ്ടാം ഘട്ടം43/23 | 400000 | |
| | | | 160000 | ലൈഫ് ഭവന നിർമാണം മൂന്നാം ഘട്ടം 41/23 | 160000 | |
| | | | 280,000 | ലൈഫ്ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണം | 2,80,000 | |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) 40/23 | | |
| | | 400000 | ക്ഷീരസമൃദ്ധി 160/23 | 400000 | |
| ആകെ | | 2823375 | | 2823375 | |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (ലെഡ്ജർ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,81,158 | 2385945 | 2967103 | 2385945 | 5,81,158 | 5,81,158 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 6150 | 2823375 | 2829525 | 2823375 | 6150 | 6150 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 206/23 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനം പോസ്റ്റ് ഷിഫ്റ്റിംഗും | 85196 | 0 | 85196 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 7556080 | 0 | 7556080 | 679201/- രൂപ തിരികെ ലഭ്യമായിട്ടുണ്ട് | 6876879 | 6876879 |
| കെ.എസ്.ഇ.ബി | 11039295 | 85196 | 11124491 | 0 | 11124491 | 11124491 |
| പി.ഡബ്ല്യു.ഡി | 594750 | 0 | 594750 | 0 | 594750 | 594750 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ബാക്കിയുണ്ടായിരുന്ന തുക | (RP -31 പ്രകാരം) | തുക (സോഴ്സ് ഡിഡക്ഷൻ) | തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 3,16,90,429 | *1,38,14,381 | 52,65,417 | 40239393 |

* വായ്പ തൻവർഷം ലഭ്യമായ തുക ലോൺ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും വാർഷികധനകാര്യ പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1,36,48,719/- രൂപയാണ് തൻവർഷം ലോണിനത്തിൽ ലഭ്യമായത്. വാർഷിക ധനകാര്യപത്രികയിൽ 1,38,14,381/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31,തീയതി 03/10/2023) മറുപടി ലഭ്യമാക്കിയില്ല. ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ലോൺതുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തി വാർഷിക ധനകാര്യപത്രിക ക്രമീകരിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമായില്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 1,40,39,904 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,07,98,698 |
| ആകെ | 9,48,38,602 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,11,72,419 |
| നീക്കിയിരിപ്പ് | 3,36,66,183 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,54,247 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 13,83,034 | ശ്രീമതി ബിന്ദു പി.വി., സെക്രട്ടറി |
| 1-36 | 11,68,347 | ഭരണസമിതി അംഗങ്ങൾ, ശ്രീമതി ബിന്ദു പി.വി., സെക്രട്ടറി, ശ്രീ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ |
| 1-39 | 2,866 | ശ്രീ. അജയ് ഹാർഡിൻ, അസി. എഞ്ചിനീയർ |
| ആകെ | 25,54,247 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു പി.വി., സെക്രട്ടറി | സെക്രട്ടറി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | നവമാലിക, തിരുവല്ലം |
| ശ്രീ. ദിലീപ് ദാസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, കോട്ടുകാൽ | റ്റി.സി. 49/413 മണക്കാട് |
| ശ്രീ. അജയ് ഹാർഡിൻ, അസി. എഞ്ചിനീയർ | കില പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കുമാരപുരം | ജെ.എൽ. നികേതൻ മൂലക്കോണം, കുവളശ്ശേരി പി.ഒ. |
| ശ്രീമതി. കെ. ചന്ദ്രലേഖ, ഭരണസമിതി അംഗം | | അരുൺ നിവാസ്, മുക്കമ്പാല, കോട്ടുകാൽ, നെല്ലിമൂട് പി.ഒ. |
| ശ്രീമതി. ബീന വി.റ്റി., ഭരണസമിതി അംഗം | | പ്ലാവിള പുത്തൻവീട്, മന്നോട്ടുകോണം, പയറ്റുവിള പി.ഒ. |
| ശ്രീ. ദീപു ജി.എസ്., ഭരണസമിതി അംഗം | | ശ്യാമാള ഭവൻ, കല്ലുവിള, ചൊവ്വര പി.ഒ. |
| ശ്രീ. മണികണ്ഠൻ പി. ഭരണസമിതി അംഗം | | മുക്കംപാലവിള വീട്, ശ്രീനാരായണപുരം, കോട്ടുകാൽ പി.ഒ. |
| ശ്രീ. ജെറോംദാസ്, ഭരണസമിതി അംഗം | | നിഷ ഹൌസ്, അടിമലത്തുറ, ചൊവ്വര പി.ഒ. |
| ശ്രീമതി ഗീതു ജി ഭരണസമിതി അംഗം | | മാലകൽ വീട്, പുന്നക്കുളം, കോട്ടുകാൽ |
| ശ്രീമതി. ഗീതി എസ്, ഭരണസമിതി അംഗം | | തിരുവാതിര, കുഴിയംവിള, ഉച്ചക്കട, പയറ്റുവിള |
| ശ്രീ. രാജൻ കെ.എസ്, ഭരണസമിതി അംഗം | | പനനിന്നവിള വീട്, ചൊവ്വര, ചൊവ്വര പി.ഒ. |
| ശ്രീമതി. സുജാറാണി എൽ, ഭരണസമിതി അംഗം | | തരിക്കാട്ടുവിള പുത്തൻവീട്, അവണാകുഴി, താന്നിമൂട് പി.ഒ |
| ശ്രീ. പ്രവീൺ വി, ഭരണസമിതി അംഗം | | വിജയാ ഭവൻ, ആലുനിന്നകുഴി, നെല്ലിമൂട് പി.ഒ. |
| ശ്രീമതി. സുലോചന ബി, ഭരണസമിതി അംഗം | | ചരുവിള പുത്തൻ വീട്, ഇടത്തേക്കോണം, പയറ്റുവിള പി.ഒ. |
| ശ്രീ. പ്രദീപ് എം.റ്റി, ഭരണസമിതി അംഗം | | പ്രിയാ സദനം, ചപ്പാത്ത്, മൂലക്കര, കോട്ടുകാൽ പി.ഒ |
| ശ്രീമതി. ആശ ബി., ഭരണസമിതി അംഗം | | ആൻവില്ല ഹൌസ്, അമ്പലത്തുമൂല, ചൊവ്വര പി.ഒ. |
| ശ്രീ. പ്രവീൺ കുമാർ ഭരണസമിതി അംഗം | | പ്രവീൺ സദനം, വളവുനട |
| ശ്രീമതി. സജിത കുമാരി, ഭരണസമിതി അംഗം | | ചരുവിള പുത്തൻവീട്, തെക്കോക്കോണം, ചൊവ്വര പി.ഒ. |
| ശ്രീമതി. ശ്രീലതാദേവി, ഭരണസമിതി അംഗം | | ഹരിശ്രീ, ചീനിവിള, പുന്നക്കുളം, കോട്ടുകാൽ പി.ഒ |
| ശ്രീമതി. അമ്പിളി എം.എസ്., ഭരണസമിതി അംഗം | | രാജ് നിവാസ്, ചരുവിള, വട്ടവിള, പയറ്റുവിള പി.ഒ |

| | | |
|---|---|---|
| ശ്രീമതി. ഗിരിജ റ്റി,<br>ഭരണസമിതി അംഗം | | പ്ലാന്തോട്ടത്തുവീട്, പുലിയൂർക്കോണം,<br>പയറ്റുവിള പി.ഒ |
| ശ്രീ. സുരേഷ് കെ,<br>ഭരണസമിതി അംഗം | | എസ്.എസ്.നിവാസ്, കുഴിവിള,<br>പയറ്റുവിള പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1997-98 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 2 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 9 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 3 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1950 /22 തീയതി, 20.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/ 2349/2019 തീയതി 15.03.2019 | 8 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ /20 തീയതി 30.01.2021 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1848/21 തീയതി 23.02.2022 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/791/2022 തീയതി 29.06.2022 | 38 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1799/2022 തീയതി03/02/23 | 41 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 22-07-2023 and submitted on 04-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kottukal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottukal Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Kottukal Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. Mandatory financial statements as per accounting rules like ratios not submitted with AFS.
2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
3. Lapse in making timely &accurate demand entries in respect of tax &non tax revenue. For example, property tax demand entries have been made only on 31.03.2023, while demand entries are required to be made at the beginning of the financial year and every month thereafter
4. Closing balances in CFC tied and untied funds does not match with bank statement. The actual balance and the balance recorded as per bank statement has a difference of Rs. 297227/-.

5. Tax, nontax receipts were booked under improper heads of receipts.

Examples are given below.

| Receipt No.Date | Item of Receipt/Amount | Accounted head |
|---|---|---|
| 1220204605/<br>07.02.23 | Licence current â 4000<br>Licence arrear â 4000<br>Profession tax current â 2500<br>Profession tax arrear â 2500<br>Fee â 10 | Renewal of Licence â 13010/- |

6. Demand Collection Balance statement in respect of property tax, profession tax etc does not match with the concerned applications and registers.

Examples are given below.

| | | Demand | Collection | Balance |
|---|---|---|---|---|
| Property Tax Employees current | As per AFS | 2992500 | 2939000 | 0 |
| | Asper Register | 2992500 | 2992500 | 0 |
| Property Tax Residential current | As per AFS | 3484992 | 2232149 | 1308052 |
| | As per Sanchaya | 3664081 | 2100289 | 1421549 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്